THE CHRISTIAN
LIGHT OF LIFE
ജീവനത്തിന്റെ പ്രകാശം

CHRISTIAN NEWS MAGAZINE FOR KERALA MALAYALEE CHRISTIANS FROM INDIA AROUND THE WORLD

JUNE 2005

ARTICLE
[MALAYALAM]-
ARCHIEVE



# WHO ARE THE BLESSED? [MALAYALAM] - ARCHIEVE

## THINGS IN OUR RELATIONSHIP WITH ONE ANOTHER

## ആരാണ് ഭാഗ്യവാന്മാർ? (ധ്യാനചിന്തകൾ)

### ദൈവവുമായി ബന്ധപ്പെട്ട കാര്യങ്ങൾ

By MATHEWS MAR BARNABAS METROPOLITION

***1. 'ആത്മാവിൽ ദരിദ്രരായവർ ഭാഗ്യവാന്മാർ; സ്വർഗ്ഗരാജ്യം അവർക്കുള്ളത്' (വി. മത്തായി 5:3)***

തങ്ങൾക്കു സ്വന്തമായി ഒരു നന്മയും ഇല്ലെന്നും, തങ്ങൾക്കുള്ള സർവ്വവും, തങ്ങളുടെ അയോഗ്യതയിലും പാപാവസ്ഥയിലും ദൈവം നൽകിയ സൗജന്യദാനങ്ങളാണെന്നും ബോദ്ധ്യമുള്ളവരാണ് ആത്മാവിൽ ദരിദ്രരായവർ. നമുക്ക് നന്മകൾ ദൈവം നൽകിയത്, തങ്ങളുടെ സ്വാർത്ഥപരമായ കാര്യങ്ങൾക്കുവേണ്ടിയല്ല, പിന്നെയോ മനുഷ്യജാതിയുടെ പൊതുനന്മക്കായി ചെയ്തതാണെന്ന ബോദ്ധ്യവും അവർക്കുണ്ടായിരിക്കും. സകല സ്വർഗ്ഗീയ നന്മകളും ഇങ്ങനെയുള്ളവരുടെ മേൽ വന്നുചേരുമെന്നുള്ളതിനാൽ, അവർ ഏററവും ഭാഗ്യവാന്മാരാണ്.

ആത്മീയകാര്യങ്ങളിൽ ദരിദ്രരായിരിക്കുന്നതല്ല ഇവിടെ ഉദ്ദേശിക്കുന്നത്. അത് ഭാഗ്യമല്ലല്ലോ. എന്നാൽ ആത്മീയകാര്യങ്ങളിൽ ദരിദ്രരാണെന്ന ബോദ്ധ്യമുള്ളവർ, ആ കുറവുകളെ പരിഹരിക്കാൻ ശ്രമിക്കുമെന്നതിനാൽ, ആ ബോദ്ധ്യമുള്ളവർ ഭാഗ്യവാന്മാരാണ്.

താഴെ കാണുന്ന വാക്യങ്ങൾ, എല്ലാ നന്മകളും ദൈവത്തിൽനിന്ന് വരുന്നതെന്നു വ്യക്തമാക്കുന്നു. 'എല്ലാവർക്കും ജീവനും ശ്വാസവും സകലവും കൊടുക്കുന്നവൻ' (അപ്പോ. 17:25) 'എല്ലാ നല്ല ദാനവും തികഞ്ഞ വരം ഒക്കെയും ഉയരത്തിൽ നിന്നു വെളിച്ചങ്ങളുടെ പിതാവിങ്കൽ നിന്നു ഇറങ്ങിവരുന്നു.' (വി. യാക്കോബ് 1:1) 'അവനിലല്ലോ നാം ജീവിക്കയും ചരിക്കയും ഇരിക്കയും ചെയ്യുന്നതു?' (അപ്പോ. 17:28) 'ഇച്ഛിക്ക എന്നതും പ്രവർത്തിക്ക എന്നതും നിങ്ങളിൽ ദൈവമല്ലോ തിരുവുള്ളം ഉണ്ടായിട്ടു പ്രവർത്തിക്കുന്നതു.' (ഫിലി. 2:13) എന്നു വി. പൗലോസും പറയുന്നു.

ദൈവത്തിൽകൂടി നമുക്കു എന്തും പ്രവർത്തിക്കാൻ കഴിയും, ദൈവത്തിൽകൂടി നമുക്കു സർവ്വവും ഉണ്ട്. ദൈവത്തിൽകൂടി നാം സർവ്വവുമാണ്. എന്നാൽ ദൈവത്തെ പിരിഞ്ഞ് നമുക്ക് ഒന്നും ചെയ്യാൻ കഴിയുകയില്ല. ദൈവത്തെ കൂടാതെയിരിക്കുമ്പോൾ നമുക്ക് ഒന്നുമില്ല. ദൈവത്തെ കൂടാതെയായാൽ നാം ഏതുമില്ല.

ആത്മാവിൽ ദരിദ്രരായിരുന്ന ചിലരുടെ ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

1. **ദാവീദ് രാജാവ്:**കേവലം ഒരു ആട്ടിടയന്റെ സ്ഥാനത്തുനിന്നും ഉയർന്ന് രാജാവായതിനെ അദ്ദേഹം സ്മരിച്ച്, ആത്മാവിൽ ദരിദ്രനായി ദൈവതിരുമുമ്പാകെ വിനയപ്പെട്ട് ദാവീദ് പ ള്ളിനിലയങ്കി ധരിച്ചുകൊണ്ട് പൂർണ്ണശക്തിയോടെ യഹോവയുടെ മുമ്പാകെ നൃത്തം ചെയ്തു (2 ശമു. 6:14).

2. **യോഹന്നാൻ സ്നാപകൻ:**അനേകരെ സ്നാനപ്പെടുത്തിക്കൊണ്ടിരുന്ന യോഹന്നാൻ സ്നാപ കന്റെ അടുക്കൽ, ഒരു സംഘം പുരോഹിതന്മാരും ലേവ്യരും വന്ന് 'നീ ആരാകുന്നു' എന്നു

ചോദിച്ചു. അപ്പോൾ യോഹന്നാൻ 'ഞാൻ ക്രിസ്തുവല്ല' എന്നു മറുക്കാതെ ഏററു പറഞ്ഞു. ഏലിയാവോ ആ പ്രവാചകനോ എന്നു ചോദിച്ചപ്പോൾ 'അല്ല' എന്നും മറുപടി പറഞ്ഞു. തന്നെക്കുറിച്ച് എന്തു പറയുന്നു എന്നു ചോദിച്ചപ്പോൾ 'യെശയ്യ പ്രവാചകൻ പറഞ്ഞതുപേ ാലെ, മരുഭൂമിയിൽ വിളിച്ചുപറയുന്നവന്റെ ശബ്ദം ഞാൻ ആകുന്നു'. (വി. യോഹന്നാൻ 1:19-23) എന്നു പറഞ്ഞു.

3. **കന്യകമറിയാം:**സഖറിയ പുരോഹിതന്റെ ഭാര്യയും, വൃദ്ധയും, എല്ലാവരാലും ബഹുമാനിക്കപ്പെട്ടവളുമായ ഏലിസബേത്ത്, കന്യകമറിയാമിനോട് ഇങ്ങനെ പറഞ്ഞു, 'എന്റെ കർത്താവിന്റെ മാതാവ് എന്റെ അടുക്കൽ വരുന്ന ഭാഗ്യം എനിക്ക് എവിടെ നിന്നുണ്ടായി?' ഇതു കേട്ടപ്പോൾ, ദരിദ്രയും ചെറുപ്പക്കാരിയുമായ കന്യകമറിയാം നിഗളിച്ചില്ല. നേരെമറിച്ച് സ്വയം വിനയപ്പെട്ടു ദൈവത്തെ മഹത്വപ്പെടുത്തി പറഞ്ഞു: 'എൻെറ ഉള്ളം കർത്താവിനെ മഹിമപ്പെടുത്തുന്നു. എൻെറ ആത്മാവു എൻെറ രക്ഷിതാവായ ദൈവത്തിൽ ഉല്ലസിക്കുന്നു. അവൻ തൻെറ ദാസിയുടെ താഴ്ച കടാക്ഷിച്ചിരിക്കുന്നുവല്ലോ?' (വി. ലൂക്കോസ് 1: 43-48)

4. **വി. പത്രോസ്:**നാല്പതു വർഷം മുടന്തനായി ജീവിച്ചവനെ, വി. പത്രോസ് സൗഖ്യമാക്കി. അതുകണ്ടു ആളുകൾ അദ്ദേഹത്തിന്റെ അടുക്കൽ ഓടിക്കൂടി. അപ്പോൾ വി. പത്രോസ് സ്വയം വിനയപ്പെട്ടു ഇപ്രകാരം പറഞ്ഞു: 'യിസ്രായേൽ പുരുഷന്മാരേ, ഇതിങ്കൽ ആശ്ചര്യപ്പെടുന്നതു എന്തു? ഞങ്ങളുടെ സ്വന്ത ശക്തികൊണ്ടോ ഭക്തികൊണ്ടോ ഇവനെ നടക്കുമാറാക്കി എന്ന പോലെ ഞങ്ങളെ ഉറ്റുനോക്കുന്നതും എന്തു?' (അപ്പോ. 3:12) അവൻെറ (യേശുക്രിസ്തു) നാമത്തിലെ വിശ്വാസത്താൽ അവൻെറ നാമം തന്നേ നിങ്ങൾ കാൺകയും അറികയും ചെയ്യുന്ന ഇവൻ ബലം പ്രാപിപ്പാൻ കാരണമായിത്തീർന്നു; അവൻ മുഖാന്തരമുള്ള വിശ്വാസം ഇവന്നു നിങ്ങൾ എല്ലാവരും കാൺകെ ഈ ആരോഗ്യം വരുവാൻ ഹേതുവായിത്തീർന്നു. (അപ്പോ. 3:16)

5. **വി. പൗലോസ്:**മററ് അപ്പൊസ്തലന്മാരെല്ലാവരെക്കാളും അധികം സേവനം അദ്ദേഹം അനുഷ്ഠിച്ചിരുന്നു. എന്നാൽ വിനയത്തോടെ അദ്ദേഹം പറയുന്നു: 'എങ്കിലും ഞാൻ ആകുന്നതു ദൈവകൃപയാൽ ആകുന്നു; എന്നോടുള്ള അവൻെറ കൃപ വ്യർത്ഥമായതുമില്ല; അവരെല്ലാവരെക്കാളും ഞാൻ അത്യന്തം അദ്ധ്വാനിച്ചിരിക്കുന്നു; എന്നാൽ ഞാനല്ല എന്നോടുകൂടെയുള്ള ദൈവകൃപയത്രേ.' (1 കൊരി. 15:10) അദ്ദേഹം വീണ്ടും പറയുന്നു: 'എന്നെ ശക്തനാക്കുന്നവൻ മുഖാന്തരം ഞാൻ സകലത്തിന്നും മതിയാകുന്നു.' (ഫിലി. 4:13) മറെറാരു സന്ദർഭത്തിൽ അദ്ദേഹം ചോദിക്കുന്നു: 'ലഭിച്ചതല്ലാതെ നിനക്ക് എന്തുള്ളു?' (1 കൊരി. 4:7)

എല്ലാ ദിവ്യസുകൃതങ്ങളും - ദൈവത്തോടുള്ള നന്ദി, ദൈവത്തോടും തന്റെ മക്കളോടുമുള്ള സ്നേഹം, ഔദാര്യം, ദീർഘക്ഷമ, മററുള്ളവരോടുള്ള ബഹുമാനം, കീഴ്വഴക്കം - വിനയമാകുന്ന ഈ സുകൃതത്തിൽ നിന്ന് ഉളവാകുന്നു. ഇങ്ങനെയുള്ളവർ നിഗളം, അസൂയ, സ്വാർത്ഥത, അശുദ്ധി എന്നിവയിൽനിന്നും വിമുക്തരായിരിക്കും. ഇവർ അനന്തമായി ദൈവത്തേയും മനുഷ്യരേയും സ്നേഹിക്കുകയും ബഹുമാനിക്കുകയും ചെയ്യും. തന്മൂലം ഈ വേദഭാഗത്തെ താഴെ കാണുന്നപ്ര കാരം തർജ്ജമ ചെയ്യുന്നവരുണ്ട്. 'ആത്മാവിൽ ദരിദ്രരായവർ എത്രയോ ഭാഗ്യവാന്മാർ; സ്വർഗ്ഗരാജ്യം അവർക്കുള്ളത്'.

<u>**പ്രാർത്ഥന:**</u>കർത്താവേ, ഞങ്ങളുടെ ഒന്നുമില്ലായ്മയെ അറിയുന്നതിനും, നിന്റെ നന്മയും അനു ഗ്രഹങ്ങളും എല്ലാവരിലും കാണുന്നതിനും, അങ്ങനെ എല്ലാവരെയും സ്നേഹിക്കുന്നതിനും ബഹുമാനിക്കുന്നതിനും, ഞങ്ങളെ സഹായിക്കേണമെ.

***2. തങ്ങൾ ചെയ്യുന്ന എല്ലാ സൽപ്രവർത്തികളുടെയും മഹത്വം, പൂർണ്ണമായും ദൈവത്തിനാണെന്ന് ബോദ്ധ്യമുള്ളവർ ഭാഗ്യവാന്മാർ; പൂർണ്ണഹൃദയത്തോടെ ദൈവത്തിൽ സന്തോഷിക്കുവാൻ അവർക്കു കഴിയും.***

തങ്ങളുടെ പ്രവർത്തനങ്ങളുടെ മഹത്വത്തിൽ ഏതെങ്കിലും പങ്ക് തങ്ങൾക്ക് ഇല്ലെന്ന് ബോദ്ധ്യമുള്ളതിനാൽ, മനുഷ്യരുടെ അംഗീകരണമോ പ്രസിദ്ധിയോ അവർ ആഗ്രഹിക്കുന്നില്ല. സങ്കീർത്തനക്കാരൻ പറയുന്നത് ശ്രദ്ധിക്കുക: 'ഞങ്ങൾക്കല്ല, യഹോവേ, ഞങ്ങൾക്കല്ല, നിൻെറ ദയയും വിശ്വസ്തതയും നിമിത്തം നിൻെറ നാമത്തിന്നുതന്നേ മഹത്വം വരുത്തേണമേ.' (സങ്കീ. 115:1) 'ആകയാൽ ഭിക്ഷ കൊടുക്കുമ്പോൾ മനുഷ്യരാൽ മാനം ലഭിപ്പാൻ പള്ളികളിലും

വീഥികളിലും കപടഭക്തിക്കാർ ചെയ്യുന്നതു പോലെ നിൻെറ മുമ്പിൽ കാഹളം ഊതിക്കരുതു; അവർക്കു പ്രതിഫലം കിട്ടിപ്പോയി എന്നു ഞാൻ സത്യമായിട്ടു നിങ്ങളോടു പറയുന്നു. നീയോ ഭിക്ഷ കൊടുക്കുമ്പോൾ നിൻെറ ഭിക്ഷ രഹസ്യത്തിലായിരിക്കേണ്ടതിന്നു വലങ്കൈ ചെയ്യുന്നതു എന്തു എന്നു ഇടങ്കൈ അറിയരുതു. രഹസ്യത്തിൽ കാണുന്ന നിൻെറ പിതാവു നിനക്കു പ്രതിഫലം തരും.' (വി. മത്തായി 6:2-4)

**പ്രാർത്ഥന:**കർത്താവേ, എല്ലാററിന്റെയും മഹത്വം അർഹിക്കുന്നതു നീ മാത്രമാണെന്ന് മനസ്സിലാക്കി, മനുഷ്യർ ഞങ്ങളെ പുകഴ്ത്തുമ്പോഴെല്ലാം നിന്നെ സ്തുതിക്കുവാനും, നീയാണ് സ്തുതിക്കു യോഗ്യനെന്നു പറയുവാനും ഞങ്ങളെ സഹായിക്കേണമെ.

ദൈവത്തിൽ നിന്ന് ലഭിച്ച നന്മകൾ കൊണ്ടുമാത്രം ഒരാൾ ഭാഗ്യവാനാകുന്നില്ല; പിന്നെയോ ദൈവകൃപയിൽക്കൂടി ദൈവീകനാകുന്നവനാണ് ഭാഗ്യവാൻ.

***3. 'ഹൃദയശുദ്ധിയുള്ളവർ ഭാഗ്യവാന്മാർ; അവർ ദൈവത്തെ കാണും' (വി. മത്തായി. 5:8) അവർക്കു സമാധാനവും ശക്തിയും ലഭിക്കുകയും ചെയ്യും.'***

ഹൃദയശുദ്ധിയെന്നു പറയുന്നത് കലർപ്പില്ലാത്ത ദൈവസ്നേഹമാണ്. ദ്രവ്യാഗ്രഹമോ, ലോകമോദമോ, മുഖസ്തുതി പ്രിയമോ, കലരാത്ത ദൈവസ്നേഹമാണ് ഹൃദയശുദ്ധി.

ഇക്കാര്യം കർത്താവ് പറയുന്നുണ്ട്: 'എൻെറ അടുക്കൽ വരികയും അപ്പനെയും അമ്മയെയും ഭാര്യയെയും മക്കളെയും സഹോദരന്മാരെയും സഹോദരികളെയും സ്വന്തജീവനെയും കൂടെ പകെക്കാതിരിക്കയും ചെയ്യുന്നവന്നു എൻെറ ശിഷ്യനായിരിപ്പാൻ കഴികയില്ല. തൻെറ ക്രൂശ് എടുത്തുകൊണ്ടു എൻെറ പിന്നാലെ വരാത്തവനും എൻെറ ശിഷ്യനായിരിപ്പാൻ കഴികയില്ല.' (വി. ലൂക്കോസ് 14:26,27) വി. യാക്കോബ്ശ്ലീഹ പറയുന്നു; 'പാപികളേ, കൈകളെ വെടിപ്പാക്കുവിൻ; ഇരുമനസ്സുള്ളോരേ, ഹൃദയങ്ങളെ ശുദ്ധീകരിപ്പിൻ;' (വി. യാക്കോബ് 4:8)

**പ്രാർത്ഥന:**കർത്താവേ, മറേറതൊരു വ്യക്തിയേക്കാളും മറേറതൊരു വസ്തുവിനേക്കാളും ഞങ്ങളേക്കാളും ഉപരിയായി നിന്നെ സ്നേഹിക്കുന്ന ഹൃദയശുദ്ധി ഞങ്ങൾക്കു നൽകേണമേ.

***4. തങ്ങളുടെ ജീവിതത്തിൽ ദൈവമഹത്വത്തിനു ഒന്നാം സ്ഥാനം നൽകുന്നവർ ഭാഗ്യവാന്മാർ; അവരുടെ ആവശ്യങ്ങളെല്ലാം നിറവേററപ്പെടും.***

നമ്മുടെ കർത്താവ് പറയുന്നു; 'മുമ്പെ അവൻെറ രാജ്യവും നീതിയും അന്വേഷിപ്പിൻ; അതോടു കൂടെ ഇതൊക്കെയും നിങ്ങൾക്കു കിട്ടും.' (വി. മത്തായി 6:33) എന്തു തിന്നും, എന്തു കുടിക്കും, എന്തു ഉടുക്കും എന്നിങ്ങനെ വിചാരപ്പെടുന്നതിനെക്കുറിച്ചാണ് ഇവിടെ പറയുന്നത്; ഇത് കർത്താവിന്റെ വാഗ്ദത്തമാണ്. താൻ വാക്കു പാലിക്കും. 'ആകാശവും ഭൂമിയും ഒഴിഞ്ഞുപോകും; എൻെറ വചനങ്ങളോ ഒഴിഞ്ഞുപോകയില്ല.' (വി. മത്തായി 24:35) എന്നു താൻ മറെറാരിടത്തും പറയുന്നു. ദൈവമഹത്വത്തിനായി പ്രവർത്തിക്കുന്നവരെ സമൃദ്ധിയായി അനുഗ്രഹിക്കുമെന്നുള്ള സത്യം നമുക്കേവർക്കും അറിവുള്ളതാണല്ലോ.

മദർ തെരേസ വെറും നിസാരമായ തുക കൊണ്ട് ആരംഭിച്ച സേവനപ്രവർത്തനങ്ങൾക്ക് ദൈവം മററു മനുഷ്യരിൽ കൂടി വൻ തുകകൾ നൽകി.

**പ്രാർത്ഥന:**കർത്താവേ, പ്രതിഫലേച്ഛ കൂടാതെ, നിനക്കും നിന്റെ രാജ്യത്തിനും വേണ്ടി അദ്ധ്വാനിക്കുന്നതിനും, മറെറല്ലാത്തിനും രണ്ടാം സ്ഥാനം നൽകുന്നതിനും, ഞങ്ങൾക്കു സംഗതിയാക്കേണമേ.

***5. മനുഷ്യരിൽ നിന്നല്ല, ദൈവത്തിൽനിന്നുതന്നെ മഹത്വം അന്വേഷിക്കുന്നവർ, ഭാഗ്യവാന്മാർ; അവർ യഥാർത്ഥത്തിൽ മഹത്വീകരിക്കപ്പെടും.***

നമ്മുടെ കർത്താവ് ചോദിക്കുന്നു; 'തമ്മിൽ തമ്മിൽ ബഹുമാനം വാങ്ങിക്കൊണ്ടു ഏക ദൈവത്തിൻെറ പക്കൽനിന്നുള്ള ബഹുമാനം അന്വേഷിക്കാത്ത നിങ്ങൾക്കു എങ്ങനെ വിശ്വസിപ്പാൻ കഴിയും?' (വി. യോഹന്നാൻ 5:44)

ദൈവത്തിൽ നിന്നുള്ള മഹത്വം ലഭിക്കണമെങ്കിൽ, പരിപൂർണ്ണമായ നിസ്സ്വാർത്ഥതയും സമർപ്പണവും വേണ്ടിയിരിക്കുന്നു. അതു വളരെ പ്രയാസമുള്ള കാര്യമാണ്. തന്മൂലം കപടതയിൽ കൂടി മനുഷ്യരിൽ നിന്നുള്ള സ്തുതി വാങ്ങുന്നതിനു ഭൂരിപക്ഷം ആളുകളും ശ്രമിക്കുന്നു. എന്നാൽ അത് ആത്മീയ വളർച്ചയെ നശിപ്പിക്കുന്നു. അതുകൊണ്ടാണ് പരീശന്മാരുടെയും സാദൂക്യരുടേയും പ ുളിച്ചമാവിനെ സൂക്ഷിച്ചുകൊൾവിൻ എന്നുള്ള മുന്നറിയിപ്പും കർത്താവ് നൽകിയത് (വി. മത്തായി 16:6). നമ്മുടെ അകത്തുള്ളതെല്ലാം പുറത്തു കാണിക്കുന്നതിന് നാം ലജ്ജിക്കും. അതിനാൽ പുറമെ അഭിനയിക്കുന്നതുപോലെ അകമെ ശുദ്ധീകരിക്കപ്പെടുന്നതിനു നാം ശ്രദ്ധിക്കേണ്ടിയിരിക്കുന്നു.

**പ്രാർത്ഥന:**ഹൃദയങ്ങളെ അറിയുന്ന കർത്താവേ, നിന്നിൽ നിന്നുള്ള മഹത്വം ലഭിക്കുന്നതിനു ഞങ്ങളുടെ അകമെയുള്ളതെല്ലാം ദൈവീകമാക്കേണമേ.

***6. കഷ്ടതകളുടെ മദ്ധ്യത്തിൽ, കഴിഞ്ഞകാലത്തു ദൈവം നൽകിയ അനുഗ്രഹങ്ങളെ സ്മരിച്ച് സ്തോത്രം ചെയ്യുന്നവർ ഭാഗ്യവാന്മാർ; അവർ നിരാശപ്പെടുകയില്ല.***

വി. പൗലോസ് പറയുന്നു; 'ഇടവിടാതെ പ്രാർത്ഥിപ്പിൻ; എല്ലാറ്റിന്നും സേ്താത്രം ചെയ്വിൻ.' (1 തെസലോനി. 5:17) അദ്ദേഹം വീണ്ടും പറയുന്നു; 'ഒന്നിനെക്കുറിച്ചും വിചാരപ്പെടരുതു; എല്ലാറ്റിലും പ്രാർത്ഥനയാലും അപേക്ഷയാലും നിങ്ങളുടെ ആവശ്യങ്ങൾ സേ്താത്രത്തോടു കൂടെ ദൈവത്തോടു അറിയിക്കയത്രേ വേണ്ടതു. എന്നാൽ സകല ബുദ്ധിയേയും കവിയുന്ന ദൈവസമാ ധാനം നിങ്ങളുടെ ഹൃദയങ്ങളെയും നിനവുകളെയും ക്രിസ്തുയേശുവിങ്കൽ കാക്കും.' (ഫിലിപ്പി. 4:67) കഴിഞ്ഞകാലത്തെ അത്ഭുതകരമായ ദൈവകൃപകളെക്കുറിച്ച് സ്മരിക്കുമ്പോൾ, ഈ വർത്തമാനകാലത്തും, ആ ദൈവം സഹായിക്കുമെന്ന പ്രത്യാശയുണ്ടാകും.

**പ്രാർത്ഥന:**കർത്താവേ, നീ ഇന്നലെയും ഇന്നും എന്നും മാററമില്ലാത്തവനാണല്ലോ. (എബ്രായർ 13:8) നിന്റെ നിരന്തര സാന്നിദ്ധ്യത്തേയും സ്നേഹത്തേയും ദർശിക്കുവാനും, ഞങ്ങളുടെ ഭാരങ്ങൾ പ്രത്യാശയോടെ നിങ്കൽ സമർപ്പിക്കുവാനും, ഞങ്ങളെ പഠിപ്പിക്കേണമെ.

***7. ദൈവാനുഗ്രഹങ്ങളെക്കുറിച്ചുള്ള നന്ദികൊണ്ടു നിറയുകയും, ദൈവത്തിൽ നിന്നുള്ള ബഹുമാനം കാംക്ഷിക്കുകയും ചെയ്യുന്നവർ ഭാഗ്യവാന്മാർ; യഥാർത്ഥമഹത്വം അവർക്കു ലഭിക്കും.***

നമ്മുടെ അയോഗ്യതയിലും പാപാവസ്ഥയിലും, ദൈവം നമ്മെ സ്നേഹിക്കുന്നു. ആ സ്നേഹത്തിന്റെ ആഴം യെരമ്യ പ്രവാചകനിൽ കൂടി ദൈവം വിശദമാക്കുന്നു; 'ഞാൻ അവരെ വിട്ടുപിരിയാതെ അവർക്കു നന്മ ചെയ്തുകൊണ്ടിരിക്കും എന്നിങ്ങനെ ഞാൻ അവരോടു ഒരു ശാശ്വതനിയമം ചെയ്യും; അവർ എന്നെ വിട്ടുമാറാതെയിരിപ്പാൻ എങ്കലുള്ള ഭക്തി ഞാൻ അവരുടെ ഹൃദയത്തിൽ ആക്കും. ഞാൻ അവരിൽ സന്തോഷിച്ചു അവർക്കു ഗുണം ചെയ്യും. ഞാൻ പ ൂർണ്ണഹൃദത്തോടും പൂർണ്ണമനസ്സോടും കൂടെ അവരെ ഈ ദേശത്തു നടും.' (യെരമ്യ. 32:4041) കർത്താവ് തന്റെ യാഗത്തിൽകുടി നമ്മെ രക്ഷിച്ച് നിത്യജീവന് അവകാശികളാക്കിയിരിക്കുന്നു. ഇ ്രതമാത്രം നമ്മെ സ്നേഹിക്കുന്ന ദൈവത്തോട്, അളവില്ലാത്ത നന്ദി നമുക്കുണ്ടായിരിക്കണം. 'യഹോവ എനിക്കു ചെയ്ത സകല ഉപകാരങ്ങൾക്കും ഞാൻ അവന്നു എന്തു പകരം കൊടുക്കും? '(സങ്കീർത്തനം 116:12) എന്നു സങ്കീർത്തനക്കാരൻ ചോദിക്കുന്നു. 'ആകയാൽ നിങ്ങൾ തിന്നാലും കുടിച്ചാലും എന്തു ചെയ്താലും എല്ലാം ദൈവത്തിൻെറ മഹത്വത്തിന്നായി ചെയ്വിൻ. 'ജീവിക്കുന്നു എങ്കിൽ നാം കർത്താവിന്നായി ജീവിക്കുന്നു; മരിക്കുന്നു എങ്കിൽ കർത്താവിന്നായി മരിക്കുന്നു; അതുകൊണ്ടു ജീവിക്കുന്നു എങ്കിലും മരിക്കുന്നു എങ്കിലും നാം കർത്താവിന്നുള്ളവർ തന്നേ. ' (1 കോരന്തി. 12:31) എന്നും '' (റോമർ 14:8) എന്നു പൗലോസ് പറയുന്നു.

സൗഖ്യം പ്രാപിച്ച പത്തു കുഷ്ഠരോഗികളിൽ ഒൻപതു നന്ദി പറയാതെ പോയതിൽ കർത്താവ് ഖേദം പ്രകടിപ്പിച്ചതും ഒരു ശമര്യക്കാരൻ നന്ദി പറഞ്ഞതിൽ സന്തുഷ്ടി പ്രകടിപ്പിച്ചതും ഇവിടെ സ്മരണീയമാണ് (വി. ലൂക്കോസ് 17:1419). നന്ദിയില്ലായ്മ എത്ര നീചമാണ്.

**പ്രാർത്ഥന:**കർത്താവേ, നിന്നോടുള്ള നന്ദിയിൽ സകലവും ചെയ്വാൻ ഞങ്ങളെ സഹായിക്കേണമെ.

***8. ദൈവഹിതം എന്തെന്നു അറിയാൻ ശ്രമിക്കുകയും, അതു ചെയ്യാൻ പരിശ്രമിക്കുകയും, അതു ചെയ്യുന്നവർ, ഭാഗ്യവാന്മാർ; അവർ കർത്താവിന്റെ അമ്മയും സഹോദരനും സഹോദരിയുമായി പ രിഗണിക്കപ്പെടും.***

ദൈവഹിതം ആരായുന്നതിനായി ദീർഘമായി പ്രാർത്ഥിക്കുകയും, അതു പ്രാവർത്തികമാക്കുവാൻ സദാ ശ്രമിക്കുകയും ചെയ്ത മാതൃകയാണ്, നാം കർത്താവിൽ കാണുന്നത്. 'ഞാൻ എൻെറ ഇഷ്ടമല്ല, എന്നെ അയച്ചവൻെറ ഇഷ്ടമത്രേ ചെയ്‌വാൻ സ്വർഗ്ഗത്തിൽ നിന്നു ഇറങ്ങി വന്നിരിക്കുന്നതു', (വി. യോഹന്നാൻ 6:38) എന്നു കർത്താവ് പറയുന്നു.

തൻെറ അമ്മയും സഹോദരങ്ങളും ആരാണെന്നു കർത്താവ് പറയുന്നിടത്തു, ദൈവഹിതം ചെയ്യുന്നവരെന്ന് പ്രത്യേകം ചൂണ്ടിക്കാണിക്കുന്നു. 'അവൻ അവരോടു: എൻെറ അമ്മയും സഹോദരന്മാരും ആർ എന്നു പറഞ്ഞിട്ടു ചുറ്റിലും ഇരിക്കുന്നവരെ നോക്കിക്കൊണ്ടു: എൻെറ അമ്മയും സഹോദരന്മാരും ഇതാ. ദൈവത്തിൻെറ ഇഷ്ടം ചെയ്യുന്നവൻ തന്നേ എൻെറ സഹോദരനും സഹോദരിയും അമ്മയും ആകുന്നു എന്നു പറഞ്ഞു.' (വി. മർക്കോസ് 3:33-35)

**പ്രാർത്ഥന:**കർത്താവേ നിന്റെ ഹിതം സ്വർഗ്ഗത്തിലെപ്പോലെ ഭൂമിയിലും ആകത്തക്കവണ്ണം, ഞങ്ങളെ നിന്റെ ഹിതം ചെയ്യുന്നവരായി രൂപാന്തരപ്പെടുത്തേണമെ.

***9. ദൈവത്തെ സദാ പ്രസാദിപ്പിക്കുന്നതിനു പരിശ്രമിക്കുന്നവർ ഭാഗ്യവാന്മാർ; തുടർച്ചയായ ദൈവസാന്നിദ്ധ്യത്തിന്റെ ഉറപ്പു അവർക്കുണ്ടാകും.***

കർത്താവ് പറയുന്നു; 'എന്നെ അയച്ചവൻ എന്നോടുകൂടെ ഉണ്ടു; ഞാൻ എല്ലായ്പ്പോഴും അവന്നു പ്രസാദമുള്ളതു ചെയ്യുന്നതുകൊണ്ടു അവൻ എന്നെ ഏകനായി വിട്ടിട്ടില്ല' (വി. യോഹന്നാൻ 8:29). ഇങ്ങനെ ഉറച്ച വിശ്വാസമുള്ളവരിൽ അത്ഭുതങ്ങൾ പ്രവർത്തിക്കുവാൻ, ദൈവത്തിനു അവസരം ലഭിക്കുന്നു. 'വിശ്വസിച്ചാൽ നീ ദൈവത്തിൻെറ മഹത്വം കാണും.' (വി. യോഹന്നാൻ 11:40) എന്നു കർത്താവ് മാർത്തയോടു പറഞ്ഞത് ഇവിടെ സ്മരണീയമാണ്.

തീച്ചൂളയിൽ ഇട്ടുകളയുമെന്നു ബാബേൽ രാജാവ് പറഞ്ഞപ്പോൾ, ഞങ്ങൾ സേവിക്കുന്ന ദൈവത്തിനു ഞങ്ങളെ വിടുവിപ്പാൻ കഴിയുമെങ്കിൽ, അവൻ ഞങ്ങളെ എരിയുന്ന തീച്ചൂളയിൽനി□ും രാജാവിൻെറ കയ്യിൽ നി□ും വിടുവിക്കും, (ദാനിയേൽ 3:17) എന്നാണ് ആ മൂന്നു പൈതങ്ങൾ പറഞ്ഞത്.

**പ്രാർത്ഥന:**കർത്താവേ, എല്ലാററിലും നിന്നെ പ്രസാദിപ്പിക്കുന്നതിനും നിന്നിലുള്ള വിശ്വാസത്തിൽ ഉറക്കുന്നതിനും, നിന്റെ കൈയിലെ ആയുധങ്ങൾ ആയിത്തീരുന്നതിനും, ഞങ്ങൾക്കു സംഗതിയാക്കേണമെ.

***10. ദൈവത്തിന്റെ വാഗ്ദത്തങ്ങളിൽ വിശ്വസിച്ചുകൊണ്ട്, സ്വർഗ്ഗത്തിൽ നിക്ഷേപം സ്വരൂപിക്കുന്നവർ, ഭാഗ്യവാന്മാർ; ഈ ലോകത്തിലെ തോൽവികളിൽ അവർ നിരാശപ്പെടുകയില്ല.***

കർത്താവും വി.പൗലോസും തരുന്ന ഉറപ്പ്, നമ്മെ വിശ്വാസത്തിൽ ഉറപ്പിക്കേണ്ടതാണ്. കർത്താവ് പറയുന്നു: 'പുഴുവും തുരുമ്പും കെടുക്കയും കള്ളന്മാർ തുരന്നു മോഷ്ടിക്കയും ചെയ്യുന്ന ഈ ഭൂമിയിൽ നിങ്ങൾ നിക്ഷേപം സ്വരൂപിക്കരുതു. പുഴുവും തുരുമ്പും കെടുക്കാതെയും കള്ളന്മാർ തുരന്നു മോഷ്ടിക്കാതെയുമിരിക്കുന്ന സ്വർഗ്ഗത്തിൽ നിക്ഷേപം സ്വരൂപിച്ചു കൊൾവിൻ.' (വി. മത്തായി 6: 19-20) 'നിങ്ങളുടെ ഹൃദയം കലങ്ങിപ്പോകരുതു; ദൈവത്തിൽ വിശ്വസിപ്പിൻ, എന്നിലും വിശ്വസിപ്പിൻ. എൻെറ പിതാവിൻെറ ഭവനത്തിൽ അനേകം വാസസ്ഥലങ്ങൾ ഉണ്ടു; ഇല്ലെങ്കിൽ ഞാൻ നിങ്ങളോടു പറയുമായിരുന്നു. ഞാൻ നിങ്ങൾക്കു സ്ഥലം ഒരുക്കുവാൻ പോകുന്നു. ഞാൻ പോയി നിങ്ങൾക്കു സ്ഥലം ഒരുക്കിയാൽ, ഞാൻ ഇരിക്കുന്ന ഇടത്തു നിങ്ങളും ഇരിക്കേണ്ടതിന്നു പിന്നെയും വന്നു നിങ്ങളെ എൻെറ അടുക്കൽ ചേർത്തുകൊള്ളും.' (വി. യോഹന്നാൻ 14:1-4).

വി. പൗലോസ് പറയുന്നു: 'നൊടിനേരത്തേക്കുള്ള ഞങ്ങളുടെ ലഘുവായ കഷ്ടം അത്യന്തം അനവധിയായി തേജസ്സിൻെറ നിത്യഘനം ഞങ്ങൾക്കു കിട്ടുവാൻ ഹേതുവാകുന്നു.' (2 കോരന്തി. 4:17)

**പ്രാർത്ഥന:**കർത്താവേ, നിന്റെ സ്വർഗ്ഗീയ ഭവനത്തെക്കുറിച്ചുള്ള വാഗ്ദത്തത്തിൽ ഉറച്ചു വിശ്വസിക്കുന്നതിനും, അതിനായി നാൾതോറും ഒരുങ്ങുന്നതിനും ഞങ്ങളെ സഹായിക്കേണമെ.

***11. തങ്ങളുടെ പാപങ്ങളെക്കുറിച്ചും, ലോകത്തിന്റെ കഷ്ടതകളെക്കുറിച്ചും ദുഖിക്കുന്നവർ ഭാഗ്യവാന്മാർ; അവർക്കു ആശ്വാസം ലഭിക്കും.***

സ്നേഹനിധിയായ ദൈവത്തെ വേദനിപ്പിച്ചതിലുള്ള ദുഃഖമാണ്, മാനസാന്തരത്തിലേക്കും, സമർപ്പണജീവിതത്തിലേക്കും, മനുഷ്യരെ വഴിനടത്തേണ്ടത്. അതിരില്ലാതെ സ്നേഹിക്കുന്ന സ്വന്തം മാതാവിനെ, ഏതെങ്കിലും തരത്തിൽ വേദനിപ്പിക്കുകയെന്നതു, മക്കൾക്കു ചിന്തിക്കാൻപോലും വയ്യ. അങ്ങനെയെങ്കിൽ, സ്വന്തം അമ്മയെക്കാൾ ഉററു സ്നേഹിക്കുന്ന കർത്താവിനെ വേദനിപ്പിക്കുന്നതിൽ നാം എത്രയോ അധികം ദുഃഖിക്കേണ്ടതാണ്. (യെശ. 49:15) നമ്മിലുള്ള തിന്മകൾ മാത്രമല്ല, നമ്മിലുള്ള നന്മയുടെ അഭാവവും, ദൈവത്തെ വേദനിപ്പിക്കുന്നെന്നു നാം ഓർക്കേണ്ടതാണ്.

കർത്താവ് പറയുന്നു, 'ദു:ഖിക്കുന്നവർ ഭാഗ്യവാന്മാർ; അവർക്കു ആശ്വാസം ലഭിക്കും.' (വി. മത്തായി 5:4) 'എന്നാൽ ഇപ്പോഴെങ്കിലും നിങ്ങൾ പൂർണ്ണഹൃദയത്തോടും ഉപവാസത്തോടും കരച്ചിലോടും വിലാപത്തോടും കൂടെ എങ്കലേക്കു തിരിവിൻ എ□ു യഹോവയുടെ അരുളപ്പാടു. വസ്ത്രങ്ങളെയല്ല ഹൃദയങ്ങളെതന്നേ കീറി നിങ്ങളുടെ ദൈവമായ യഹോവയുടെ അടുക്കലേക്കു തിരിവിൻ; അവൻ കൃപയും കരുണയും ദീർഘക്ഷമയും മഹാദയയുമുള്ളവനല്ലോ; അവൻ അനർത്ഥത്തെക്കുറിച്ചു അനുതപിക്കും.' (യോവേൽ 2:12-13)

നമ്മുടെ കുററങ്ങളെക്കുറിച്ച് നാം ബോധവാന്മാരല്ലെന്നുള്ളതാണ്, നമ്മിലുള്ള പ്രധാന ബലഹീനതയും, നമ്മുടെ ആത്മീയവളർച്ചക്കു പ്രധാന തടസ്സവും. നമ്മിലുള്ള എല്ലാ കുററങ്ങളെയും കുറവുകളേയും കുറിച്ചു, ഒഴിവുകഴിവുകളും നീതീകരണവും കണ്ടുപിടിച്ചുകൊണ്ടിരിക്കുന്ന സ്വഭാവമാണ് നമുക്കുള്ളത്. അതിനാൽ പരിശുദ്ധാത്മസഹായത്തോടുകൂടെ, യഥാർത്ഥ സ്വയം പരിശോധന നടത്തേണ്ടിയിരിക്കുന്നു.

അമിതമായ ദുഃഖം ദോഷകരമാണെന്നുള്ളതും, ഇത്തരുണത്തിൽ സ്മരണീയമാണ്. പാപമോചനത്തെത്തുടർന്നു കർത്താവിൽ സന്തോഷിക്കണം. രക്തസമ്മർദ്ദം കുറക്കുന്നതിനു ചിരി ഒരു ചികിത്സയായും നടത്തുന്നുണ്ടല്ലൊ

**പ്രാർത്ഥന:**ദൈവമേ, വെടിപ്പുള്ള ഹൃദയം ഞങ്ങളിൽ സൃഷ്ടിക്കേണമെ. സ്ഥിരതയുള്ള നിന്റെ ആത്മാവിനെ ഞങ്ങളുടെ ഉള്ളിൽ പുതുതാക്കേണമേ. (സങ്കീ. 51:10)

***12. ദൈവത്തെ സദാ മുമ്പിൽ വെച്ചിരിക്കുന്നവർ, ഭാഗ്യവാന്മാർ; അവർ ഒരിക്കലും ഭ്രമിച്ചുപോകയില്ല.***

'ഞാൻ യഹോവയെ എപ്പോഴും എൻെറ മുമ്പിൽ വെച്ചിരിക്കുന്നു; അവൻ എൻെറ വലത്തുഭാഗത്തുള്ളതുകൊണ്ടു ഞാൻ കുലുങ്ങിപ്പോകയില്ല.' (സങ്കീ. 16:8) എന്നും 'യഹോവയിൽ ആശ്രയിക്കുന്നവർ കുലുങ്ങാതെ എന്നേക്കും നിൽക്കുന്ന സീയോൻ പർവ്വതം പോലെയാകുന്നു.' (സങ്കീ. 125:1) എന്നും സങ്കീർത്തനക്കാരൻ പറയുന്നു. 23-ാം സങ്കീർത്തനം ധ്യാനാത്മകമായി ചൊല്ലി വിശ്വാസവും ധൈര്യവും വർദ്ധിപ്പിക്കുന്നതു നല്ലതാണ്. ഏതൊരു കഷ്ടതയും അതിജീവിക്കുന്നതിനുള്ള ശക്തി കർത്താവ് തരും. കഷ്ടതകളെ നന്മക്കാക്കി തീർക്കുകയും ചെയ്യുമെന്നുള്ളതിനാൽ നാം അശ്ലേഷം ഭയപ്പെടേണ്ടതില്ല; ആട്ടിടയനായിരുന്ന അവസരത്തിൽ ഒരു കരടിയെയും, സിംഹത്തേയും, ഒരു ആയുധവും കൂടാതെ കൊല്ലുന്നതിന് ദാവീദിനു ശക്തി നൽകിയതു ഈ വിശ്വാസമാണ്. കേവലം കല്ലും കവിണയുമായി മല്ലനായ ഗോല്യാത്തിനെ നേരിടുന്നതിനും അവനെ കൊല്ലുന്നതിനും ദാവീദിനെ ശക്തീകരിച്ചതും ഈ ദൃഢവിശ്വാസമാണ്.

'എന്നെ ശക്തനാക്കുന്നവൻ മുഖാന്തരം ഞാൻ സകലത്തിന്നും മതിയാകുന്നു.' (ഫിലി. 4:13) എന്നു വി. പൗലൊസും പറയുന്നു.

**പ്രാർത്ഥന:**കർത്താവേ, നിന്റെ തിരുസാന്നിദ്ധ്യബോധം എപ്പോഴും ഉണ്ടായിരിക്കുന്നതിനും, നിന്നോടുകൂടി സകല പ്രതിബന്ധങ്ങളെയും അതിക്രമിക്കുന്നതിനും, ഞങ്ങളെ സഹായിക്കേണമെ.

***13. ആപത്തുകളുടെ അവസരങ്ങളിൽ, തങ്ങളെത്തന്നെയും തങ്ങളുടെ ഭാരങ്ങളെയും, ദൈവത്തിൽ സമർപ്പിക്കുന്നവർ ഭാഗ്യവാന്മാർ; സകല ബുദ്ധിയേയും കവിയുന്ന ദൈവസമാധാനം അവർക്കു ലഭിക്കും.***

വി. പത്രൊസ് പറയുന്നു; 'അവൻ നിങ്ങൾക്കായി കരുതുന്നതാകയാൽ നിങ്ങളുടെ സകല ചിന്താകുലവും അവൻെറമേൽ ഇട്ടുകൊൾവിൻ. ' (1 പത്രൊസ് 5:7) കുരിശിന്മേൽ കിടന്നുകൊണ്ടു

ആത്മശരീരമനസ്സുകളുടെ അതിവേദന അനുഭവിച്ച കർത്താവ്, 'എൻെറ ദൈവമേ, എൻെറ ദൈവമേ, നീ എന്നെ കൈവിട്ടതു എന്തു' (വി. മത്തായി 27:46) എന്നു ഉറക്കെ നിലവിളിച്ചു. അനന്തരം, 'പിതാവേ, ഞാൻ എൻെറ ആത്മാവിനെ തൃക്കയ്യിൽ ഏല്പിക്കുന്നു' (വി. ലൂക്കോസ് 23:46) എന്നു പറഞ്ഞു സമാധാനത്തോടെ മരണം വരിച്ചു.

സങ്കീർത്തനക്കാരൻ പറയുന്നു, 'ദൈവം നമ്മുടെ സങ്കേതവും ബലവും ആകുന്നു; കഷ്ടങ്ങളിൽ അവൻ ഏറ്റവും അടുത്ത തുണയായിരിക്കുന്നു. അതുകൊണ്ടു ഭൂമി മാറിപ്പോയാലും, പർവ്വതങ്ങൾ കുലുങ്ങി സമുദ്രമദ്ധ്യേ വീണാലും, അതിലെ വെള്ളം ഇരെച്ചു കലങ്ങിയാലും അതിൻെറ കോപ ംകൊണ്ടു പർവ്വതങ്ങൾ കുലുങ്ങിയാലും നാം ഭയപ്പെടുകയില്ല. ഒരു നദി ഉണ്ടു; അതിൻെറ തോടുകൾ ദൈവനഗരത്തെ, അത്യുന്നതൻെറ വിശുദ്ധനിവാസത്തെ തന്നെ, സന്തോഷിപ്പിക്കുന്നു. ദൈവം അതിൻെറ മദ്ധ്യേ ഉണ്ടു; അതു കുലുങ്ങിപ്പോകയില്ല; ദൈവം അതികാലത്തുതന്നെ അതിനെ സഹായിക്കും.' (സങ്കീർത്തനം 46:1-5)

**പ്രാർത്ഥന:**കർത്താവേ, ഞങ്ങളെത്തന്നെ തിരുസന്നിധിയിൽ സമർപ്പിക്കുമ്പോഴെല്ലാം, ഏതൊരു കഷ്ടതയിൽ നിന്നും നന്മയുളവാക്കുവാൻ നിനക്കു കഴിയുമെന്ന ഉറച്ച വിശ്വാസമുണ്ടാകുന്നതിനും സകല ആകുലചിന്തകളെയും അതിജീവിക്കുന്നതിനും, ഞങ്ങൾക്കു സംഗതിയാക്കണമേ.

***14. ദൈവത്തിൽ ഉറച്ച വിശ്വാസമുള്ളവർ ഭാഗ്യവാന്മാർ; അവർക്കു സകലവും സാദ്ധ്യമാകും.***

ചന്ദ്രരോഗിയുടെ പിതാവ് 'നിന്നാൽ വല്ലതും കഴിയും എങ്കിൽ മനസ്സലിഞ്ഞു ഞങ്ങളെ സഹായിക്കേണമേ' എന്നു കർത്താവിനോടു അപേക്ഷിച്ചപ്പോൾ, കർത്താവ് മറുപടി പറഞ്ഞു; 'നിന്നാൽ കഴിയും എങ്കിൽ എന്നോ? വിശ്വസിക്കുന്നവന്നു സകലവും കഴിയും.' അപ്പോൾ ആ പ ിതാവ് നിലവിളിച്ചുകൊണ്ടു പറഞ്ഞു; 'കർത്താവേ, ഞാൻ വിശ്വസിക്കുന്നു എൻെറ അവിശ്വാസത്തിന്നു സഹായിക്കേണമേ'. കർത്താവ് ആ രോഗിയെ സൗഖ്യമാക്കുകയും ചെയ്തു. (വി. മർക്കോസ് 9:20-27)

വി. പത്രൊസ്, കർത്താവ് പറഞ്ഞതനുസരിച്ച് വിശ്വാസത്തോടെ വെള്ളത്തിന്മേൽ നടന്നു. എന്നാൽ കൊടുങ്കാററും തിരമാലകളും കണ്ടപ്പോൾ, ഭയപ്പെട്ടു വെള്ളത്തിൽ മുങ്ങാൻ തുടങ്ങി. ഇതുപോലെ ഭയവും വിശ്വാസക്കുറവും വരുമ്പോൾ, നാമും ബലഹീനരായിത്തീരുന്നു. നമുക്കു ഉറച്ച വിശ്വാസമുണ്ടാകുന്നതിനു, ദൈവേഷ്ടം ചെയ്യുന്നതിൽ തൽപ്പരരായിരിക്കുകയും, ദൈവസാന്നിദ്ധ്യബോധത്തോടെ ജീവിക്കയും ചെയ്യണം. 'നിങ്ങൾ എന്നിലും എൻെറ വചനം നിങ്ങളിലും വസിച്ചാൽ നിങ്ങൾ ഇച്ഛിക്കുന്നതു എന്തെങ്കിലും അപേക്ഷിപ്പിൻ; അതു നിങ്ങൾക്കു കിട്ടും.' എന്നു കർത്താവ് പറയുന്നു.

**പ്രാർത്ഥന:**കർത്താവേ, നിന്റെ ശക്തിയിലും സ്നേഹത്തിലുമുള്ള വിശ്വാസം ഞങ്ങളിൽ വർദ്ധിപ്പിച്ചുതരേണമെ.

***15. ദൈവത്തെ മററുള്ളവരിലും തങ്ങളിലും കാണുന്നവർ ഭാഗ്യവാന്മാർ; മററുള്ളവരെ സ്നേഹിച്ച് ബഹുമാനിക്കുന്നതിനും, അഭിമാനം പാലിക്കുന്നതിനും അവർക്കു സാധിക്കും.***

ദൈവത്തിന്റെ സ്വരൂപത്തിലും സാദൃശ്യത്തിലും സൃഷ്ടിക്കപ്പെട്ടവരാകയാൽ (ഉൽപ്പത്തി 1:27) നാം എല്ലാവരും ദൈവമക്കളാണ്. ആ നിലയിൽ നാം എല്ലാവരേയും സ്നേഹിച്ച് ബഹുമാനിക്കേണ്ടതാണ്. 'എൻെറ ഈ ഏറ്റവും ചെറിയ സഹോദരന്മാരിൽ ഒരുത്തന്നു നിങ്ങൾ ചെയ്തേടത്തോളം എല്ലാം എനിക്കു ചെയ്തു'. (വി. മത്തായി 25:40) എന്ന് അന്ത്യവിധിനാളിൽ കർത്താവ് പറയുമല്ലൊ. 'നിങ്ങൾ ചെയ്യുന്നതു ഒക്കെയും മനുഷ്യർക്കെന്നല്ല കർത്താവിന്നു എന്നപേ ാലെ മനസ്സോടെ ചെയ്വിൻ.' (കൊലൊസ്സ്യർ 3:23) എന്നു വിശുദ്ധ പൗലൊസ് പറയുന്നു.

ഭാരതസംസ്കാരമനുസരിച്ച് അഭിവാദനം ചെയ്യുമ്പോൾ കൈകൾ കൂപ്പി തലകുനിച്ച് 'നമസ്തേ' എന്നു പറയും. ഇതിന്റെ അർത്ഥം അപരനിൽ ദൈവത്തെ ദർശിച്ച് ആരാധിക്കുകയെന്നതാണ്.

**പ്രാർത്ഥന:**കർത്താവേ, നിന്നെയെന്നപോലെ, നിന്റെ മക്കളെയെല്ലാവരെയും സ്നേഹിച്ച് ബഹുമാനിപ്പാൻ, ഞങ്ങളെ തുണക്കേണമെ.

***16. നീതിക്കു വിശന്നു ദാഹിക്കുന്നവർ ഭാഗ്യവാന്മാർ; അവർക്കു തൃപ്തി വരും. (വി. മത്തായി 5:6)***

ഭക്ഷണപാനീയങ്ങൾക്കായി വിശന്നുദാഹിക്കുന്നതുപോലെ മററുള്ളവരുടെ നന്മക്കായി ആഴമായ ആഗ്രഹം നമ്മിലുണ്ടാകണം. ആ ആഗ്രഹത്തിന്റെ ആഴമനുസരിച്ചായിരിക്കും, അവരുടെ ഉയർച്ചയിലുണ്ടാകുന്ന സന്തോഷം. ഈ സന്തോഷം നമ്മിലുണ്ടാകണമെന്നു കർത്താവ് ആഗഹിക്കുന്നു. 'മററുള്ളവർക്കുവേണ്ടിയുള്ള മനുഷ്യൻ' എന്നാണ് ബോൺഹോഫർ എന്ന ജർമ്മൻ വേദശാസ്ത്രപണ്ഡിതൻ കർത്താവിനെക്കുറിച്ചു പറയുന്നത്. അത്രമാത്രം കർത്താവ് സ്നേഹത്തിൽ നിറഞ്ഞവനായിരുന്നു. കർത്താവ് സ്നേഹം തന്നെയാണല്ലൊ. നീതിക്കായി വിശന്നു ദാഹിക്കുന്നതിന്റെ ഉത്തമ ഉദാഹരണമാണ് ഏബ്രഹാം ലിങ്കൺ. അടിമകളുടെ സ്വാത ന്ത്ര്യത്തിനുവേണ്ടി അദ്ദേഹം പോരാടുകയും ഒടുവിൽ കൊല്ലപ്പെടുകയും ചെയ്തു.

**പ്രാർത്ഥന:**കർത്താവേ, മററുള്ളവരെ നിന്റെ മക്കളും ഞങ്ങളുടെ സമസൃഷ്ടികളുമായി കണ്ട്, പൂർണ്ണ ഹൃദയത്തോടും, പൂർണ്ണ മനസ്സോടും, പൂർണ്ണ ആത്മാവോടും സ്നേഹിപ്പാൻ ഞങ്ങളെ യോഗ്യരാക്കേണമെ.

***17. തന്നെത്താൻ താഴ്ത്തുന്നവർ ഭാഗ്യവാന്മാർ, അവർ ഉയർത്തപ്പെടും***

വിനയത്തിന്റെ മാഹാത്മ്യമാണ് ഇവിടെ കാണുന്നത്. കർത്താവ് പറയുന്നു: 'തന്നെത്താൻ ഉയർത്തുന്നവൻ എല്ലാം താഴ്ത്തപ്പെടും; തന്നെത്താൻ താഴ്ത്തുന്നവൻ ഉയിർത്തെപ്പെടും.' (വി. ലൂക്കോസ് 14:11)

നമ്മുടെ നന്മകളെക്കുറിച്ചും നേട്ടങ്ങളെക്കുറിച്ചും സ്വയം പ്രശംസിക്കുകയും, മററുള്ളവരുടെ കുററങ്ങളും കുറവുകളും പറഞ്ഞ് അവരെ മോശക്കാരാക്കുകയും ചെയ്യുന്നവർ, സ്വയം ഉയർത്തുന്നവരാണ്. അങ്ങനെയുള്ളവരെ അവരുടെ കുററങ്ങളും കുറവുകളും കണ്ടുപിടിച്ച്, താഴ്ത്താൻ ശ്രമിക്കും. നേരെമറിച്ച് സ്വയം പ്രശംസിക്കാതെ മററുള്ളവരുടെ നന്മകൾ പറഞ്ഞ് അവരെ ഉയർത്തുന്നവർ സ്വയം താഴ്ത്തുകയുമാണ് ചെയ്യുന്നത്. അങ്ങനെയുള്ളവരെ അവരുടെ നന്മകൾ പറഞ്ഞ് മററുള്ളവർ ഉയിർത്തും.

**പ്രാർത്ഥന:**കർത്താവേ, മററുള്ളവരെ വിനയത്തോടെ ബഹുമാനിക്കുവാൻ ഞങ്ങളെ പ ഠിപ്പിക്കേണമെ.

***18. മററുള്ളവരെ തങ്ങളെക്കാൾ ശ്രേഷ്ഠരായി എണ്ണി, അപ്രകാരം പെരുമാറുന്നവർ, ഭാഗ്യവാന്മാർ; ആത്മാർത്ഥമായ സ്നേഹബഹുമാനങ്ങൾ, അവർക്കു ലഭിക്കും.***

വിശുദ്ധ പൗലൊസ് പറയുന്നു; 'താഴ്മയോടെ ഓരോരുത്തൻ മറ്റുള്ളവനെ തന്നെക്കാൾ ശ്രേഷ്ഠൻ എന്നു എണ്ണിക്കൊൾവിൻ.' (ഫിലിപ്പിയർ 2:3) സാമ്പത്തികമായും, വിദ്യാഭ്യാസപരമായും, സൽസ്വഭാവത്തിലും, നമ്മെക്കാൾ താണവരെന്നു നാം വിധിക്കുന്നവരെ നമ്മെക്കാൾ ഉയർന്നവരെന്നപോലെ നാം ബഹുമാനിക്കണമെന്നാണ്, ഇതിന്റെ അർത്ഥം. ഇങ്ങനെ ചെയ്താൽ, മററുള്ളവരിൽ നിന്നുണ്ടാകുന്ന പ്രതികരണം, എത്രമാത്രം സ്നേഹവും ബഹുമാനവും നിറഞ്ഞതായിരിക്കും എന്നു ചിന്തിക്കുക. അഭിനന്ദനത്തിനും ബഹുമാനത്തിനും ഉള്ളതാണല്ലൊ ഏററവും വലിയ ദാഹം. മറെറാരു ഭഗത്ത് വിശുദ്ധ പൗലൊസ് പറയുന്നു; 'സഹോദരപ്രീതിയിൽ തമ്മിൽ സ്ഥായി പൂണ്ടു ബഹുമാനിക്കുന്നതിൽ അന്യോന്യം മുന്നിട്ടുകൊൾവിൻ.' (റോമർ 12:10)

കർത്താവ് ശിഷ്യന്മാരുടെ കാൽ കഴുകി അവരെ ബഹുമാനിച്ചത് ഇവിടെ സ്മരണീയമാണ്. (വി. യോഹന്നാൻ 13:3-5) 'ഞാൻ സൌമ്യതയും താഴ്മയും ഉള്ളവൻ ആകയാൽ എൻെറ നുകം ഏറ്റുകൊണ്ടു എന്നോടു പഠിപ്പിൻ' (വി. മത്തായി 11:29) എന്നു കർത്താവ് കൽപ്പിച്ചിരിക്കുന്നു.

**പ്രാർത്ഥന:**കർത്താവേ, ഏവരേയും നിന്റെ മക്കളായി ക്, ഞങ്ങളെക്കാൾ ഉയർ□വരെ□പോലെ അവരെ ബഹുമാനിപ്പാൻ ഞങ്ങളെ പഠിപ്പിക്കേണമെ.

***19. കരുണയുള്ളവർ ഭാഗ്യവാന്മാർ; അവർക്കു കരുണ ലഭിക്കും (വി. മത്തായി 5:7)***

ജ്ഞാനിയായ ശലോമോൻ പറയുന്നു; എളിയവനോടു കൃപ കാട്ടുന്നവൻ യഹോവെക്കു വായ്പ കൊടുക്കുന്നു; അവൻ ചെയ്ത നന്മെക്കു അവൻ പകരം കൊടുക്കും. (സദൃശ്യവാക്യം 19:17)

ജാതിമതഭേദമെന്യെ, കരുണ ആവശ്യമാണ്. മനുഷ്യർ പരസ്പരം താദാത്മ്യം പ്രാപിച്ചു

കരുണയുള്ളവരായിത്തീരുമെങ്കിൽ ലോകത്തിലെ പല കലഹങ്ങളും യുദ്ധങ്ങളും ഇല്ലാതാകുമായിരുന്നു.

ഒരു വീട്ടിൽ ഉണ്ടായ സംഭവത്തെപ്പററി അറിയുന്നതിനിടയായി. ഗൃഹനാഥൻ വീടിന്റെ ഏതോ കേടുപാടുകൾ നീക്കുന്നതിനു ഒരാളെ ഏർപ്പാട് ചെയ്തു. പക്ഷെ അയാൾ വന്നതു രാത്രി വളരെ താമസിച്ചായിരുന്നു. ഏറെ താമസിച്ചതിനാൽ, പണിയാൻ അനുവദിക്കാതെ അയാളെ പറഞ്ഞുവിട്ടു. അയാൾ കേണപേക്ഷിച്ചെങ്കിലും, ഗൃഹനാഥൻ സമ്മതിച്ചില്ല. ആറു വയസ്സുള്ള അരുൺ അതു കണ്ടുകൊണ്ടിരിക്കയായിരുന്നു. പണിക്കാരൻ പുറത്തുകടന്നപ്പോൾ ഒരു പോലീസുകാരനെ കണ്ടു. അദ്ദേഹം കൂടെവന്നു ശുപാർശ ചെയ്യാമെന്നു സമ്മതിച്ചു. അദ്ദേഹം വന്നു പറഞ്ഞിട്ടും ഗൃഹനാഥൻ സമ്മതിച്ചില്ല. അവർ രണ്ടുപേരും ദുഃഖത്തോടെ ഇറങ്ങിപ്പോകുന്നതും ആ വീട്ടിലെ ബാലൻ കണ്ടു. അവൻ ഗൃഹനാഥനോടു ചോദിച്ചു; 'ഉമററ്യ, വീം ്യ്രീഊ ഹ്ഹ്ഹാറ വമ്ല ഉലഹേ ശള ്യ്രീഊ ഹ്ലൂല ശി വശേ ൂഹമരല?' (ഡാഡി അയാളുടെ സ്ഥാനത്തായിരുന്നുവെങ്കിൽ ഏന്തു ചിന്തിക്കുമായിരുന്നു.) ഗൃഹനാഥനു കുററബോധം ഉണ്ടായി, ആ രാത്രിയിൽ തന്നെ പണിക്കാരന്റെ വീട്ടിൽ പോയി ക്ഷമ ചോദിച്ചു.

**പ്രാർത്ഥന:**കർത്താവേ, മററുള്ളവരുമായി താദാത്മ്യം പ്രാപിച്ചു, കുററങ്ങൾ ക്ഷമിക്കുന്നതിനും സഹായിക്കുന്നതിനും, ഞങ്ങളെ തുണക്കേണമെ.

***20. ക്ഷമിക്കുകയും മറക്കുകയും ചെയ്യുന്നവർ ഭാഗ്യവാന്മാർ; പൂർണ്ണമായ ഹൃദയസമാധാനം അവർക്കു ലഭിക്കും.***

വിശുദ്ധ പൗലൊസ് പറയുന്നു; 'അന്യോന്യം പൊറുക്കയും ഒരുവനോടു ഒരുവന്നു വഴക്കുണ്ടായാൽ തമ്മിൽ ക്ഷമിക്കയും ചെയ്വിൻ; കർത്താവു നിങ്ങളോടു ക്ഷമിച്ചതു പോലെ നിങ്ങളും ചെയ്വിൻ.' (കൊലോസ്യർ 3:13) വീണ്ടും അദ്ദേഹം പറയുന്നു; 'ആരും തിന്മെക്കു പകരം തിന്മ ചെയ്യാതിരിപ്പാൻ നോക്കുവിൻ; തമ്മിലും എല്ലാവരോടും എപ്പോഴും നന്മ ചെയ്തുകൊണ്ടിരിപ്പിൻ.' (1 തെസ്സലോനി 5:15) നന്മ ചെയ്കയിൽ നാം മടുത്തു പോകരുതു; തളർന്നു പോകാഞ്ഞാൽ തക്കസമയത്തു നാം കൊയ്യും. ആകയാൽ അവസരം കിട്ടും പോലെ നാം എല്ലാവർക്കും, വിശേഷാൽ സഹവിശ്വാസികൾക്കും നന്മ ചെയ്ക. (ഗലാത്യ 6:9-10)

ക്ഷമിക്കാത്തവൻ സ്വന്തം മുറിവുകൾ ഉണങ്ങാതെ സൂക്ഷിക്കുന്നവനെപ്പോലെയാണ്. ക്ഷമിക്കാത്തവനു ഒരിക്കലും സമാധാനം ഉണ്ടാകയില്ല. മററുള്ളവരെ മാനസാന്തരത്തിലേക്കു നയിക്കുന്ന വഴിയും ക്ഷമ തന്നെ. മററുള്ളവരെ ദൈവമക്കളായി കണ്ട് അവരുമായി താദാത്മ്യം പ്രാപിക്കുമ്പോൾ, ക്ഷമിക്കുവാൻ കഴിയും.

**പ്രാർത്ഥന:**കർത്താവേ, നീ ഞങ്ങളോടു ക്ഷമിക്കുന്നതുപോലെ, നിന്റെ മക്കളോടു ക്ഷമിപ്പാൻ ഞങ്ങളെ സഹായിക്കേണമെ.

***21. ചെറുതും വലുതുമായ കുററങ്ങളെപ്രതി ക്ഷമ ചോദിക്കുന്നവർ ഭാഗ്യവാന്മാർ; അവർ ഏവരേയും മിത്രങ്ങളാക്കും.***

ക്ഷമാപണം നടത്തുന്നതിൽ പ്രകടമാകുന്ന ദുഃഖവും വിനയവും മററുള്ളവരിൽ സഹതാപ മുളവാക്കും. യഥാർത്ഥമായ രഞ്ജിപ്പിനു അതു വഴിയൊരുക്കുകയും ചെയ്യും.

ക്ഷമാപണം നടത്തുന്നതുകൊണ്ടു ആരുടേയും മാന്യത കുറയുന്നില്ല. കുററമില്ലാത്തവർ ആരുമില്ലല്ലൊ.

**പ്രാർത്ഥന:**കർത്താവേ, ക്ഷമാപണം നടത്തുന്നതിനുള്ള വിനയം ഞങ്ങൾക്കു നൽകേണമെ.

***22. നന്ദി പ്രകാശിപ്പിക്കുന്നവർ ഭാഗ്യവാന്മാർ; അവർക്കു കൂടുതൽ സ്നേഹവും സഹായവും ലഭിക്കും.***

ദുരഭിമാനമാണ് നന്ദിപ്രകടനത്തിനു തടസ്സം. നന്ദി പ്രകടിപ്പിക്കാതിരിക്കുന്നതു ഭോഷത്വവുമാണ്. കാരണം നന്ദിയില്ലായ്മ മനുഷ്യരിൽ വെറുപ്പ് ഉണ്ടാക്കുന്നു. പത്തു കുഷ്ഠരോഗികൾ സൗഖ്യം പ്രാപിച്ചിട്ട് ഒൻപതു പേർ നന്ദി പറയാതെ പോയതും ഒരാൾ മാത്രം നന്ദി പറഞ്ഞതും ഇവിടെ

ശ്രദ്ധേയമാണ് (വി. ലൂക്കോസ് 17:11-19)

**പ്രാർത്ഥന:**കർത്താവേ, ഉപകാരം ചെയ്തവരോടു നന്ദി പറയുന്നതിനുള്ള വിനയം ഞങ്ങൾക്കു നൽകേണമെ.

***24. ദൈവഭയത്താൽ പരസ്പരം കീഴ്പ്പെടുന്നവർ ഭാഗ്യവാന്മാർ അവരിൽ പരസ്പര ബഹുമാനം ഉണ്ടാകും.***

പ്രായം കുറഞ്ഞവർ പ്രായം കൂടിയവരെ അനുസരിക്കുമ്പോൾ, പ്രായമായവർ വളർന്നു വരുന്ന കുട്ടികൾക്ക് കീഴ്പെടാൻ സന്നദ്ധരാകണം. കുട്ടികൾ നല്ല കാര്യങ്ങൾ പറയുമ്പോൾ അതു പ്രായമായവർ സ്വീകരിക്കണം. 'ക്രിസ്തുവിൻെറ ഭയത്തിൽ അന്യോന്യം കീഴ്പ്പെട്ടിരിപ്പിൻ.' (എഫേ. 5:21) എന്ന് വിശുദ്ധ പൗലൊസ് പറയുന്നു ഭർത്താക്കന്മാർ ഭാര്യമാർ പറയുന്ന നല്ല കാര്യങ്ങൾക്കു കീഴ്പ്പെടണം. പരസ്പര സ്നേഹവും ബഹുമാനവും നിലനിൽക്കുന്നതിന് ഇത് ആവശ്യമാണ്.

**പ്രാർത്ഥന:**കർത്താവേ, ഒരു ശരീരത്തിലെ അവയവങ്ങളെപ്പോലെ, പരസ്പരം ബഹുമാനിപ്പാനും കീഴ്പ്പെടുവാനും, ഞങ്ങളെ സഹായിക്കേണമെ.

***25. സ്നേഹത്തിൽക്കൂടി കോപത്തെ നിയന്ത്രിക്കുന്നവർ ഭാഗ്യവാന്മാർ അവർ സമാധാനം നിലനിർത്തുകയും മററുള്ളവരെ അഭ്യുദയകാംക്ഷികളാക്കുകയും ചെയ്യും.***

യേശുക്രിസ്തു പറയുന്നു, 'സൌമ്യതയുള്ളവർ ഭാഗ്യവാന്മാർ; അവർ ഭൂമിയെ അവകാശമാക്കും.' (വി. മത്തായി 5:5) മനുഷ്യരിൽ ഏററവും സൗമ്യനായിരുന്ന മോശക്കു മണലാരണ്യത്തിൽ കൂടി ഒരു വലിയ സമൂഹത്തെ വാഗ്ദത്തനാട്ടിലേക്കു നയിക്കാൻ സാധിച്ചു. യെറുശലേം ദേവാലയത്തിലെ അഴിമതികൾ കണ്ട കർത്താവ്, സന്ധ്യയായതിനാൽ, ഒന്നും ചെയ്യാതെ ബെഥാന്യയിലേക്കു മടങ്ങിയെന്നു നാം കാണുന്നു. (വി. മർക്കോസ് 11:11-17) പിറെറദിവസമാണ് ദേവാലയത്തെ ശുദ്ധീകരിച്ചത്. ഏതൊരു കാര്യവും സാവകാശമായി ചെയ്യണമെന്ന് ഇതിൽ നിന്നും പഠിക്കാം. തക്ക കാരണമുണ്ടെങ്കിൽ കോപിക്കാമെന്നു പറയുന്നത് ശരിയല്ല. കാരണമുണ്ടായിട്ടും സൗമ്യതയോടെ തിരുത്തുകയാണ് വേണ്ടത്.

**പ്രാർത്ഥന:**കർത്താവേ, മററുള്ളവരുമായി താദാത്മ്യം പ്രാപിച്ച്, കോപത്തെ നിയന്ത്രിക്കുവാൻ ഞങ്ങളെ സഹായിക്കേണമെ.

***26. മററുള്ളവരെ തങ്ങളെപ്പോലെയുള്ള ദൈവമക്കളായി കാണുന്നവർ, ഭാഗ്യവാന്മാർ; അസൂയ കൂടാതെ മററുള്ളവരുടെ ഉയർച്ചയിൽ സന്തോഷിക്കുവാൻ അവർക്കു സാധിക്കും.***

അസൂയയിൽ നിന്നും വിമുക്തരായി മററുള്ളവരെ സ്നേഹിക്കുന്നവരെ ഏവരും സ്നേഹിക്കും. ലോകത്തിൽ നന്മക്കുവേണ്ടി, ആർക്കും വൻകഴിവുകൾ നൽകാൻ ദൈവത്തിനു സ്വാതന്ത്ര്യം ഉള്ളതിനാൽ, ആരെക്കുറിച്ചും അസൂയപ്പെടുന്നത് ഒരിക്കലും ശരിയല്ല.

അസൂയാരഹിതമായി സ്നേഹിക്കുന്നതിന് നല്ല ഉദാഹരണമാണ്, ശൗൽ രാജാവിന്റെ മകൻ യോനാഥാൻ. അവൻ (ദാവീദ്) ശൌലിനോടു സംസാരിച്ചുതീർന്നപ്പോൾ യോനാഥാൻെറ മനസ്സു ദാവീദിൻെറ മനസ്സോടു പററിച്ചേർന്നു; യോനാഥാൻ അവനെ (ദാവീദിനെ) സ്വന്തപ്രാണനെപ്പോലെ സ്നേഹിച്ചു. ശൌൽ അന്നു അവനെ (ദാവീദിനെ) ചേർത്തുകൊണ്ടു; അവൻെറ പിതൃഭവനത്തിലേക്കു മടങ്ങിപ്പോകുവാൻ പിന്നെ അനുവദിച്ചതുമില്ല. യോനാഥാൻ ദാവീദിനെ സ്വന്ത പ്രാണനെപ്പോലെ സ്നേഹിക്കകൊണ്ടു അവനുമായി സഖ്യത ചെയ്തു. യോനാഥാൻ താൻ ധരിച്ചിരുന്ന മേലങ്കി ഊരി അതും തൻെറ വസ്ത്രവും വാളും വില്ലും അരക്കച്ചയും ദാവീദിന്നു കൊടുത്തു. (1 ശമുവേൽ 18:1-4)

**പ്രാർത്ഥന:**കർത്താവേ, മററുള്ളവരെ നിന്റെ മക്കളായി കണ്ടുകൊണ്ട് അസൂയാരഹിതമായി സ്നേഹിക്കുവാൻ ഞങ്ങളെ സഹായിക്കേണമെ.

***27. മററുള്ളവരെ, സ്നേഹം കൊണ്ട് നിറക്കുന്നവർ ഭാഗ്യവാന്മാർ; അവർ ദൈവത്തിന്റെ കരങ്ങളിലെ ആയുധങ്ങളും സഹപ്രവർത്തകരും ആയിത്തീരും.***

ദൈവത്തിന്റെ പ്രധാന ജോലി, നമ്മുടെ സ്വാതന്ത്ര്യത്തെ ഹനിക്കാതെ, നമ്മെ സ്നേഹത്തിൽ നിറക്കുകയെന്നതാണ്. ദൈവം തൻെറ സ്വരൂപത്തിൽ മനുഷ്യനെ സൃഷ്ടിച്ചത്, (ഉല്പത്തി 1:27) നമ്മെ സ്നേഹത്തിൽ നിറക്കുന്നതിനു വേണ്ടിയാണ്. ത്രിത്വത്തിൽ മൂന്നാമനായ പരിശുദ്ധാത്മാവ്, നമ്മെ സ്നേഹം കൊണ്ട് നിറക്കുന്നു. 'ദൈവത്തിൻെറ സേ്നഹം നമുക്കു നൽകപ്പെട്ട പ രിശുദ്ധാത്മാവിനാൽ നമ്മുടെ ഹൃദയങ്ങളിൽ പകർന്നിരിക്കുന്നുവല്ലോ.' (റോമർ 5:5) ത്രിത്വത്തിൽ രണ്ടാമനായ കർത്താവ് മനുഷ്യരെ സ്നേഹം കൊണ്ട് നിറക്കുന്നു. ദ്രവ്യഗ്രഹിയായിരുന്ന സക്കായിയെ സ്നേഹം കൊണ്ട് നിറച്ചത് ഉത്തമ ഉദാഹരണമാണ്. സക്കായി പറഞ്ഞു; 'കർത്താവേ, എൻെറ വസ്തുവകയിൽ പാതി ഞാൻ ദരിദ്രർക്കു കൊടുക്കുന്നുണ്ടു; വല്ലതും ചതിവായി വാങ്ങീട്ടുണ്ടെങ്കിൽ നാലു മടങ്ങു മടക്കിക്കൊടുക്കുന്നു എന്നു പറഞ്ഞു.' (വി. ലൂക്കോസ് 19:8) മററുള്ളവരെ സ്നേഹം കൊണ്ട് നിറക്കുന്നതിനേക്കാൾ വലിയ ഉപകാരം മറെറാന്നില്ല.

**പ്രാർത്ഥന:**കർത്താവേ, മററുള്ളവരുമായി താദാത്മ്യം പ്രാപിച്ച് അവർക്ക് പ്രത്യാശ നൽകാൻ ഞങ്ങളെ സഹായിക്കേണമെ.

***28. നിരാശയിൽ ഇരിക്കുന്നവർക്കു പ്രത്യാശ നൽകുന്നവർ ഭാഗ്യവാന്മാർ, അവരെ രക്ഷിച്ചതിനെക്കുറിച്ച് സന്തോഷിക്കുവാൻ അവർക്കു ഇടയാകും.***

നിരാശയിലിരിക്കുന്നവർക്കു തക്കസമയത്തു പ്രത്യാശ നൽകി രക്ഷിക്കുന്നത് വലിയ സേവനമാണ്. നിരാശയിലിരിക്കുന്നവർ ആത്മഹത്യക്കുപോലും തയ്യാറായെന്നുവരും. ജീവിതത്തിൽ പുതിയ ആരംഭം നൽകുന്നതിനു അവരെ സഹായിക്കേണ്ടതാണ്.

മുടിയനായപുത്രന്റെ ഉപമയിൽ സകലവും നശിച്ച അവസരത്തിൽ പിതാവ് പുത്രനു ചെയ്തതു സ്തുത്യർഹമാണ്. (വി. ലൂക്കോസ് 15:11-32) പാപിനിയോടു കർത്താവ് പറഞ്ഞു; 'ഞാനും നിന്നെ ശിക്ഷിക്കുന്നില്ല. ഇനി പാപം ചെയ്യരുത്.' (വി. യോഹന്നാൻ 8:11) 'ഇന്നു നീ എന്നോടുകൂടി പ റുദീസായിൽ ഇരിക്കുമെന്നു' കർത്താവ് അനുതപിച്ച കള്ളനോടു പറഞ്ഞു. അനുതപിച്ച വി. പ ത്രാസിനേയും കർത്താവ് യഥാസ്ഥാനപ്പെടുത്തി. (വി. യോഹന്നാൻ 21:15-17)

മററുള്ളവർക്കു പ്രത്യാശ നൽകിയാൽ അതിനെക്കുറിച്ചു രണ്ടു കൂട്ടർക്കും മധുര സ്മരണകൾ ഉണ്ടാകും. സഹായം നൽകിയവനു സഹായം, ലഭിച്ചവന്റെ സ്നേഹവും ലഭിക്കും.

**പ്രാർത്ഥന:**കർത്താവേ, മററുള്ളവരുമായി താദാത്മ്യം പ്രാപിച്ച് അവർക്കു പ്രത്യാശ നൽകാൻ ഞങ്ങളെ സഹായിക്കേണമെ.

***29. മത്സരിക്കാതെ പരസ്പരം സഹായിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നവർ ഭാഗ്യവാന്മാർ തന്മൂലം പരമാവധി ഉയരുവാൻ എല്ലാവർക്കും സാധിക്കും.***

ഒരു കോളേജിൽ പോസ്ററ് ഗ്രാജുവേററ് കോഴ്സിനു പഠിച്ച വിദ്യാർത്ഥികളിൽ, സാധാരണപോലെ മത്സരമുണ്ടായി. ഒന്നാം സ്ഥാനം കിട്ടണമെന്ന ആ ലക്ഷ്യത്തിൽ, ആരും ആരേയും സഹായിക്കാതെ ഇരുന്നു. അപ്പോൾ അതിൽ ഒരു വിദ്യാർത്ഥി, മററുള്ളവരോടു പറഞ്ഞു ഇങ്ങനെ പോയാൽ, ആർക്കും പരമാവധി ഉയരുവാൻ സാദ്ധ്യമല്ലെന്നും, പരസ്പരം സഹായിച്ചാൽ എല്ലാവർക്കും പ രമാവധി ഉയരാമെന്നും, ഒന്നാം സ്ഥാനം ആർക്കെങ്കിലും ലഭിക്കട്ടെ എന്നു ചിന്തിക്കണമെന്നും പ റഞ്ഞു. അങ്ങനെ പ്രവർത്തിച്ചതിന്റെ ഫലമായി മൂന്നു പേർക്കു ഫസ്ററ് ക്ലാസും മറെറല്ലാവർക്കു സെക്കന്റ് ക്ലാസും ലഭിച്ചു.

**പ്രാർത്ഥന:**കർത്താവേ, ഞങ്ങളെല്ലാവരും പരമാവധി ഉത്സാഹിച്ചു വേല ചെയ്യുന്നവരും, മററുള്ളവരെ അതിനായി പ്രോത്സാഹിപ്പിക്കുന്നവരുമാകുന്നതിനു സഹായിക്കേണമെ.

***30. ചെറിയ കാര്യങ്ങളിൽപോലും, ചെറിയ പുരോഗതി കണ്ട് പ്രോത്സാഹിപ്പിക്കുന്നവർ ഭാഗ്യവാന്മാർ; കേവലം സാധാരണക്കാരെയും ഉയർത്തുവാൻ അവർക്കു സാധിക്കും.***

കഴിവുള്ളവരുടെ നേട്ടങ്ങൾകണ്ട് അവരെ പ്രോത്സാഹിപ്പിക്കുവാൻ, യഥാർത്ഥ സ്നേഹമുള്ളവർ ശ്രമിക്കും. എന്നാൽ കഴിവു കുറഞ്ഞവരെ പ്രോത്സാഹിപ്പിക്കുന്നതിൽ, പലരും ശ്രദ്ധിക്കാതെപേ ാകുന്നു. യഥാർത്ഥ സ്നേഹമുണ്ടെങ്കിൽ, ചെറിയ പുരോഗതിയും കണ്ടുപിടിച്ച് പ്രോത്സാഹിപ്പിക്കും. ഉയർന്ന മററുള്ളവരുമായി താരതമ്യപ്പെടുത്തുന്നതു ചിലപ്പോൾ സങ്കടത്തിനിടയാക്കും. ഓരോ

വ്യക്തിക്കും ഉയരാനുള്ള സാദ്ധ്യതയെക്കുറിച്ചാണ് പറയേണ്ടത്. സ്ഥിരോത്സാഹം വിജയം കൈവരിക്കുമെന്നു പറയണം.

**പ്രാർത്ഥന:**കർത്താവേ, യഥാർത്ഥ സ്നേഹത്തിലൂടെ, ചെറിയ പുരോഗതികൾ കണ്ടു മനസ്സിലാക്കി പ്രോത്സാഹിപ്പിക്കുവാൻ എന്നും ഞങ്ങളെ സഹായിക്കേണമെ.

***31. പരസ്യമായി ആരുടെമേലും കുററാരോപണം നടത്താത്തവർ ഭാഗ്യവാന്മാർ; അവർ മനുഷ്യരെ ശത്രുക്കളാക്കുകയില്ല.***

പറയുന്നതു സത്യമാണെങ്കിൽതന്നെ, പരസ്യമായി കുററാരോപണം നടത്തുന്നത് ആർക്കും സ്വീകാര്യമല്ല അതു ശത്രുതയുളവാക്കുകയും ചെയ്യും. 'വാളുകൊണ്ടു കുത്തുന്നതുപോലെ സംസാരിക്കുന്നവരുണ്ട്.' (സദൃശ്യ. 12:18) എന്ന് ജ്ഞാനിയായ ശലോമോൻ പറയുന്നു: [Rash words are like sword thrusts]

പറയുന്നതിനു മുമ്പ് രണ്ടു പ്രാവശ്യം ചിന്തിക്കണമെന്നു പഴഞ്ചൊല്ലുണ്ടല്ലോ.[Think twice before you speak once]ഒരാളിൽ കുററമുണ്ടാകുന്നത് പരിശ്രമക്കുറവുകൊണ്ടായിരിക്കണമെന്നില്ല. കഴിവുകുറവുകൊണ്ടും സാഹചര്യങ്ങൾ നിമിത്തവുമാകാം, കുററം വരുന്നത്. അതുപോലെ ഒരാളുടെ കുററംകൊണ്ട് മാത്രമായിരിക്കയില്ല തോൽവിയുണ്ടാകുന്നത്.

കുററാരോപണംകൊണ്ട്, നിരാശയും വിദ്വേഷവും ഉണ്ടാകാൻ ഇടയുണ്ട്.

സ്വയം നീതികരിക്കന്നതിനായി, മററുള്ളവരിൽ കുററം ആരോപിക്കുന്നവരുണ്ട്. ആദാം പഴം തിന്നതിന്റെ കാരണം ഹവ്വാ ആണെന്നും, ഹവ്വാ തിന്നതിന്റെ കാരണം പാമ്പാണെന്നും പറഞ്ഞത്, ഇവിടെ ശ്രദ്ധേയമാണ്. കുററം സമ്മതിച്ചു ഏററുപറയുന്നവർക്കാണ് പാപമോചനം ലഭിക്കുക.

**പ്രാർത്ഥന:**കർത്താവേ, ഒരു വശം മാത്രം കണ്ട് കുററപ്പെടുത്താതെ, കാര്യം വേണ്ടപോലെ മനസ്സിലാക്കി, കൗൺസിലിങ്ങിൽക്കൂടെ കുററബോധം വരുത്തുന്നതിനു ഞങ്ങളെ സഹായിക്കേണമെ.

***32. മററുള്ളവരെയും തങ്ങളെയും, ഒരു ശരീരത്തിലെ അവയവങ്ങൾ പോലെ കാണുന്നവർ ഭാഗ്യവാന്മാർ; പൊതുവിന്റെ നന്മക്കായി, ഒത്തൊരുമയോടെ ഉത്സാഹിച്ചു പ്രവൃത്തിക്കുവാൻ, അവർക്കു സാധിക്കും.***

വിശുദ്ധ പൗലൊസ് പറയുന്നു; 'കണ്ണിന്നു കയ്യോടു: നിന്നെക്കൊണ്ടു എനിക്കു ആവശ്യമില്ല എന്നും തലെക്കു കാലുകളോടു: നിങ്ങളെക്കൊണ്ടു എനിക്കു ആവശ്യമില്ല എന്നും പറഞ്ഞുകൂടാ. ശരീരത്തിൽ ബലം കുറഞ്ഞവ എന്നു തോന്നുന്ന അവയവങ്ങൾ തന്നേ ആവശ്യമുള്ളവയാകുന്നു. ശരീരത്തിൽ മാനം കുറഞ്ഞവ എന്നു തോന്നുന്നവെക്കു നാം അധികം മാനം അണിയിക്കുന്നു; നമ്മിൽ അഴകു കുറഞ്ഞവെക്കു അധികം അഴകു വരുത്തുന്നു; നമ്മിൽ അഴകുള്ള അവയവങ്ങൾക്കു അതു ആവശ്യമില്ലല്ലോ. ശരീരത്തിൽ ഭിന്നത വരാതെ അവയവങ്ങൾ അന്യോന്യം ഒരു പോലെ കരുതേണ്ടതിന്നായി ദൈവം കുറവുള്ളതിന്നു അധികം മാനംകൊടുത്തു കൊണ്ടു ശരീരത്തെ കൂട്ടിച്ചേർത്തിരിക്കുന്നു. അതിനാൽ ഒരു അവയവം കഷ്ടം അനുഭവിക്കുന്നു എങ്കിൽ അവയവങ്ങൾ ഒക്കെയും കൂടെ കഷ്ടം അനുഭവിക്കുന്നു; ഒരു അവയവത്തിന്നു മാനം വന്നാൽ അവയവങ്ങൾ ഒക്കെയുംകൂടെ സന്തോഷിക്കുന്നു.' (1 കൊരിന്ത്. 12:21-26)

അതിനാൽ സകലർക്കും തുല്യ മാന്യത നാം നൽകേണ്ടിയിരിക്കുന്നു.

**പ്രാർത്ഥന:**കർത്താവേ, എല്ലാ കഴിവുകളും സ്ഥാനങ്ങളും നിന്നിൽനിന്നും വരുന്നതാണെന്നു മനസ്സിലാക്കി, പൊതുവിന്റെ നന്മക്കായി ഒത്തൊരുമിച്ചു പ്രവൃത്തിക്കുവാൻ, ഞങ്ങളെ സഹായിക്കേണമെ.

***33. 'നീതി നിമിത്തം ഉപദ്രവിക്കപ്പെടുന്നവർ ഭാഗ്യവാന്മാർ; സ്വർഗ്ഗരാജ്യം അവർക്കുള്ളതു.' (വി. മത്തായി 5:10)***

നീതിയും സത്യവും നിലനിൽക്കുന്നതിനും പുതിയ ആകാശവും പുതിയ ഭൂമിയും ഉണ്ടാകുന്നതിനും, രക്തസാക്ഷികൾ ആവശ്യമാണ്. നീതിക്കും സത്യത്തിനുംവേണ്ടി ചിലർ കഷ്ടതകൾ സഹിക്കുമ്പോൾ, കാണികൾ ആത്മപരിശോധനക്കു സന്നദ്ധരാകണം. പലരും രക്തസാക്ഷികൾ ആകാൻ മടിക്കുന്നതും അവരുടെ സ്വാർത്ഥതകൊണ്ടാണ്.

**പ്രാർത്ഥന:**കർത്താവേ, സത്യത്തിനും നീതിക്കുംവേണ്ടി കഷ്ടത സ്വീകരിക്കത്തക്ക നിസ്വാർത്ഥതയും ദൈവസ്നേഹവും ഞങ്ങൾക്കു നൽകേണമെ. അന്തിമവിജയം സത്യത്തിനാണെന്ന ഉറപ്പു ഞങ്ങൾക്കു നൽകേണമെ.

***34. ആരെങ്കിലും തർക്കത്തിനിടയിൽ വികാരാധീനനാകുന്നത് കാണുമ്പോൾ, തർക്കം തീർക്കുന്നവർ ഭാഗ്യവാന്മാർ; ശത്രുതയും വെറുപ്പും ഒഴിവാക്കുവാൻ അവർക്കു കഴിയും***

വികാരാവേശത്തോടെ തർക്കിച്ചാൽ, കാര്യഗ്രഹണത്തിനു മനസ്സില്ലാതെ, എതിർകക്ഷി പ്ര തികരിക്കും. അങ്ങനെ തർക്കം ഫലശൂന്യമാകും. മാത്രവുമല്ല അങ്ങനെയുള്ള തർക്കം ശത്രുക്കളെ ഉണ്ടാക്കുകയും ചെയ്യും. 'വാദം ജയിക്കും; കാള കുത്തും' എന്നൊരു പഴഞ്ചൊല്ലുണ്ട്.

**പ്രാർത്ഥന:**കർത്താവേ, തർക്കിക്കുന്നവരുടെ വാദഗതി ശാന്തമായി മനസ്സിലാക്കുന്നതിനും, ബഹുമാനത്തോടും ശാന്തതയോടും, തങ്ങളുടെ വാദങ്ങൾ ഉന്നയിക്കുന്നതിനും, ഞങ്ങളെ ശക്തരാക്കണമെ.

***35. 'സമാധാനം ഉണ്ടാക്കുന്നവർ ഭാഗ്യവാന്മാർ; അവർ ദൈവത്തിൻെറ പുത്രന്മാർ എന്നു വിളിക്കപ്പെടും.' (വി. മത്തായി 5:9)***

വഴക്ക് രണ്ടു കൂട്ടർക്കും ദോഷം ചെയ്യും. സമാധാനമാകുന്നത് രണ്ടു കൂട്ടർക്കും ഗുണവും ചെയ്യും. തന്മൂലം സ്നേഹത്തിൽകൂടി വിട്ടുവീഴ്ചകൾ ചെയ്ത് രമ്യപ്പെടുന്നതിന് സഹായിക്കേണ്ടിയിരിക്കുന്നു.

ഒരിക്കൽ ഒരു പള്ളിയിൽ പൊതുയോഗത്തിൽ രണ്ടു ഗ്രൂപ്പുണ്ടായി. ഒരാൾക്ക് ഭൂരിപക്ഷത്തിന്റെ പ ിൻതുണ കിട്ടി. പൊതുയോഗം അതനുസരിച്ച് തീരുമാനമെടുത്തു. ന്യൂനപക്ഷത്തിന്റെ പിൻതുണ ലഭിച്ച ആൾ നിരാശനായി. അദ്ദേഹം വീട്ടിൽ ചെന്ന് ഇനിയും പള്ളിയിൽ പോകുന്നില്ലെന്നും ഒരു പ ുതിയ പള്ളി തുടങ്ങാൻ പോകയാണെന്നും പ്രഖ്യാപിച്ചു. ഭൂരിപക്ഷത്തിന്റെ പിൻതുണ ലഭിച്ചയാൾ, വിവരം അറിഞ്ഞ് ചെന്നു പറഞ്ഞു, നമുക്കു രണ്ടു പേർക്കും കൂടി പുതിയപള്ളി ഉണ്ടാക്കാമെന്ന്. അതോടുകൂടെ ഭിന്നതയെല്ലാം തീർന്നു.

ഒരു സ്ഥലത്ത് അയൽവാസികളായി രണ്ടു സ്ത്രീകൾ താമസിച്ചിരുന്നു. ഒരാൾ ദേഷ്യക്കാരിയും, ആരേയും ചീത്ത വിളിക്കുന്നവളുമായിരുന്നു. മററവൾ സൽസ്വഭാവിയും, ആരുടേയും കാര്യത്തിൽ ഇടപെടാത്തവളുമായിരുന്നു. എന്നാലും ആദ്യത്തവൾ മററവളെ കാണുമ്പോൾ, ചീത്ത വിളിക്കും. സഹിക്കവയ്യാതെയായപ്പോൾ ആ ശാന്തയായ സ്ത്രീ കുറെ നല്ല പലഹാരമുണ്ടാക്കി, മററവളുടെ വീട്ടിൽ ചെന്നു പറഞ്ഞു, 'ചേടത്തി, ചേടത്തി, ചേട്ടത്തിക്കു ഞാൻ നല്ല ഒരു സമ്മാനം കൊണ്ടുവന്നിട്ടുണ്ട്. കൊള്ളാമോ എന്നു തിന്നു നോക്കു.' ഇതു കേട്ട് അത്ഭുതവും സന്തോഷവും നിറഞ്ഞ് അവർ പറഞ്ഞു. '36 വർഷമായി എനിക്കു ഒരു സമ്മാനം കിട്ടിയിട്ട്.' അതെ തുടർന്ന് അവർ ഉററ മിത്രങ്ങളായിത്തീർന്നു.

**പ്രാർത്ഥന:**കർത്താവേ, നന്മയാൽ തിന്മയെ ജയിക്കുവാൻ ഞങ്ങളെ പഠിപ്പിക്കേണമെ.

***36. ആവശ്യക്കാർക്ക് ഉപബോധനം (കൗൺസിലിംഗ്) നൽകുന്നവർ, ഭാഗ്യവാന്മാർ; പ്രശ്നങ്ങളെ കാര്യക്ഷമമായി കൈകാര്യം ചെയ്യുന്നതിൽ സഹായിപ്പാൻ അവർക്കു സാധിക്കും.***

ഏതൊരു വ്യക്തിയും, ഏതെങ്കിലും അവസരത്തിൽ, മററുള്ളവർക്കു കൗൺസിലിംഗ് കൊടുക്കേണ്ടിവരും. അതുകൊണ്ട് കൗൺസിലിംഗിനെക്കുറിച്ച് ഏവരും കുറെയെങ്കിലും അറിഞ്ഞിരിക്കണം. കൗൺസിലിങ്ങ് നൽകുന്നവർ വിശ്വസ്തരും, വിവേകബുദ്ധികളും, സ്നേഹമുള്ളവരുമായിരിക്കണം. 'തമ്മിൽ തമ്മിൽ ഭാരങ്ങളെ ചുമപ്പിൻ; ഇങ്ങനെ ക്രിസ്തുവിൻെറ ന്യായപ്രമാണം നിവർത്തിപ്പിൻ.' (ഗലാത്യ. 6:2) എന്നു വി. പൗലോസ് പറയുന്നു. 'നിങ്ങൾ ആരും പ ാപത്തിൻെറ ചതിയാൽ കഠിനപ്പെടാതിരിക്കേണ്ടതിന്നു 'ഇന്നു' എന്നു പറയുന്നേടത്തോളം

നാൾതോറും അന്യോന്യം പ്രബോധിപ്പിച്ചുകൊൾവിൻ.' എന്നു എബ്രായലേഖനകർത്താവ് പറയുന്നു.

**പ്രാർത്ഥന:**കർത്താവേ, തക്ക സമയത്തു യോഗ്യമായ കൗൺസിലിങ്ങ് നൽകാൻ നിന്റെ പരിശുദ്ധാന്മാവിനാൽ, ഞങ്ങളെ സഹായിക്കേണമേ.

***37. ശത്രുമിത്ര ഭേദമെന്യേ മററുള്ളവർക്കുവേണ്ടി കഷ്ടത അനുഭവിക്കാൻ സന്നദ്ധരായവർ ഭാഗ്യവാന്മാർ; ദൈവസ്നേഹത്തെ പ്രദർശിപ്പിക്കുവാനും സമസൃഷ്ടികളുടെ നന്മയിൽ സന്തോഷിപ്പാനും അവർക്കു സാധിക്കും.***

കർത്താവ് നമുക്കുവേണ്ടി കഷ്ടതയനുഭവിച്ചു ഉത്തമമാതൃക നൽകിയിരിക്കുന്നു. 'ക്രിസ്തുവോ നാം പാപികൾ ആയിരിക്കുമ്പോൾ തന്നേ നമുക്കുവേണ്ടി മരിക്കയാൽ ദൈവം തനിക്കു നമ്മോടുള്ള സ്നേഹത്തെ പ്രദർശിപ്പിക്കുന്നു.' (റോമർ 5:8) എന്നു വി. പൗലോസ് പറയുന്നു. അർദ്ധപ്രാണനായി വഴിയിൽ കിടന്നവനുവേണ്ടി, നല്ല ശമര്യാക്കാരൻ സ്വന്തരക്ഷയെ വകവെയ്ക്കാതെ, കഴിയുന്ന സഹായമെല്ലാം ചെയ്തു. (വി. ലൂക്കോസ് 10:30-35) രൂത്ത് അമ്മാവിയമ്മയ്ക്കുവേണ്ടി, സ്വന്തനാടും, ഭാവിയിൽ ലഭിക്കാമായിരുന്ന സുഖങ്ങളും ഉപേക്ഷിച്ചതും ഇവിടെ ശ്രദ്ധേയമാണ്. (രൂത്ത് 1:16-17)

ഇൻഡ്യയിൽ, കേരളത്തിൽ കൊരട്ടി കുഷ്ഠരോഗാശുപത്രിയിലെ ഒരു ഇററാലിയൻ സിസ്ററിന്റെ കൈയിൽ കുഷ്ഠരോഗം ആരംഭിച്ചതായി കണ്ട് ഒരു സന്ദർശകൻ സഹതാപത്തോടെ അത് ചൂണ്ടിക്കാട്ടിയപ്പോൾ, ആ മഹതി പറഞ്ഞതു ശ്രദ്ധേയമാണ്' Well, I have come to die for them. (അതേ, അവർക്കുവേണ്ടി മരിക്കുന്നതിനാണ് ഞാൻ വന്നിരിക്കുന്നത്.)

ഔദാര്യനിധികളായ സഹായികൾ ആകാൻ പലരും ആഗ്രഹിച്ചെന്നു വരാം, എന്നാൽ കഷ്ടപ്പെടുന്ന ദൈവദാസന്മാരാകുവാൻ പലർക്കും കഴിയുന്നില്ല.

**പ്രാർത്ഥന:**കർത്താവേ, നിന്നെ പിൻതുടർന്ന്, മററുള്ളവർക്കുവേണ്ടി കഷ്ടതയനുഭവിക്കുന്നതിനുള്ള സന്നദ്ധത, ഞങ്ങൾക്കു നൽകേണമെ.

***38. സ്നേഹത്തിൽ കുടി, മററുള്ളവരുമായി താദാത്മ്യം പ്രാപിക്കുന്നവർ, ഭാഗ്യവാന്മാർ; പാപത്തെ വെറുത്തുകൊണ്ട് തന്നെ, പാപികളെ സ്നേഹിപ്പാനും അവർക്കു കഴിയും.***

കർത്താവ് പറയുന്നു; 'മനുഷ്യർ നിങ്ങൾക്കു ചെയ്യേണം എന്നു നിങ്ങൾ ഇച്ഛിക്കുന്നതു ഒക്കെയും നിങ്ങൾ അവർക്കും ചെയ്വീൻ; ന്യായപ്രമാണവും പ്രവാചകന്മാരും ഇതു തന്നേ.' (വി. മത്തായി 7:12) മനുഷ്യർ നമുക്കു ചെയ്യണമെന്നു നാം ആഗ്രഹിക്കുന്നവ എന്തെന്നു അറിയുന്നത്, അവരുമായി താദാത്മ്യം പ്രാപിക്കുമ്പോളാണല്ലൊ. അങ്ങനെ താദാത്മ്യം പ്രാപിക്കുമ്പോൾ, മററുള്ളവരുടെ സന്തോഷം വർദ്ധിപ്പിക്കുന്നതിനും, അവരുടെ ദുഃഖങ്ങളെ അകററുന്നതിനും സാധിക്കും. 'സന്തോഷിക്കുന്നവരോടുകൂടെ സന്തോഷിക്കയും കരയുന്നവരോടുകൂടെ കരകയും ചെയ്വിൻ.' (റോമർ 12:15) എന്നു വി. പൗലോസ് പറയുന്നു. മററുള്ളവരുമായി താദാത്മ്യം പ്രാപിക്കുന്നവർക്കു ആരെയും വെറുക്കാൻ കഴിയുകയില്ല.

**പ്രാർത്ഥന:**കർത്താവേ, മനുഷ്യരുടെ സന്തോഷങ്ങളിലും സന്താപങ്ങളിലും പങ്കു ചേരുന്ന, കൂട്ടായ്മയുടെ ആത്മാവിനെ, ഞങ്ങൾക്കു നൽകേണമെ.

***39. ഭൂമിയുടെ ഉപ്പായും ലോകത്തിന്റെ വെളിച്ചമായും പ്രവർത്തിച്ച്, മററുള്ളവരെ പ്രീതിപ്പെടുത്തുകയും തിരുത്തുകയും ചെയ്യുന്നവർ ഭാഗ്യവാന്മാർ; അവർ ദൈവകരങ്ങളിലെ ആയുധങ്ങളായിത്തീരും.***

ഉപ്പിനെപ്പോലെ നാം എല്ലാ അശുദ്ധിയിൽ നിന്നും, നമ്മെയും മററുള്ളവരെയും കാത്ത്, ജീവിതം ഹൃദ്യമാക്കണം. പ്രകാശത്തെപ്പോലെ, മനുഷ്യരുടെ കണ്ണുകളെ നന്മ ദർശിക്കുന്നതിനായി, നാം തുറക്കുകയും, സ്നേഹത്തിലും പരസ്പര ബഹുമാനത്തിലും വർത്തിക്കുവാൻ പ്രചോദനം നൽകുകയും വേണം.

**പ്രാർത്ഥന:**കർത്താവേ, സ്വയം വിശുദ്ധി പാലിച്ചുകൊണ്ട് ഉപബോധനത്തിൽകുടി, മററുള്ളവരെ രൂപാന്തരപ്പെടുത്തുന്നതിന് ഞങ്ങളെ സഹായിക്കേണമേ.

[ARTICLE IS TO BE CONTINUED IN NEXT ISSUE]

Back Home Top

Email this Link to a Friend Send Your Feedback

INDIAN CHRISTIAN WEB DIRECTORY [LINKS]
[ ECUMENICAL ] [ ORTHODOX ] [ MARTHOMA ] [ JACOBITE ] [ CATHOLIC ] [ CSI ] [ ORGANIZATIONS ] [ NEWS ] [ MALAYALAM ]

THE CHRISTIAN
LIGHT OF LIFE
PUBLISHED ON FIRST DAY OF EVERY MONTH